



ഗുരുണാ പ്രേഷിതാ വയം..

# ബ്രഹ്മശ്രീ

ദ്വൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2019 മാർച്ച്–ഏപ്രിൽ, വാല്യം :16 – ലക്കം:3





## ശതാഭിഷേകം

## എം റ്റി നാരായണൻ നമ്പൂതിരി

മാമ്പറ്റ ഇല്ലം, ഓതറ

10/3/2019 (1194 കുംഭം 26) ഞായറാഴ്ച ഓതറ മാമ്പറ്റ ഇല്ലത്ത് എം റ്റി നാരായണൻ നമ്പൂതിരിയുടെ ശതാഭിഷേകം ഗണപതിഹോമം, മൃത്യുഞ്ജയഹോമം, ചക്രാബ്ജപൂജാ, കാലുകഴുകിച്ചൂട്ട്, ദശദാനം, ഭഗവതിസേവ എന്നിവയോടുകൂടി സമുചിതമായി ആഘോഷിച്ചു. ഇതോടനുബന്ധിച്ച് തലേദിവസം (9/3/2019) നാരായണീയ പാരായണവും നടന്നു. അന്നേദിവസം ഉച്ചക്കു ശേഷം എം ബി എസ് ഓതറ ശാഖ അനുമോദന യോഗം ചേർന്നു. ശാഖാ പ്രസിഡന്റ് റ്റി എൻ ശ്രീകുമാർ ശർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്നയോഗത്തിൽ ശാഖ വൈസ് പ്രസിഡന്റ് സ്മിത മാമ്പറ്റ ഇല്ലം സ്വാഗതം ആശംസിച്ചു. എം ബി എസ് കേന്ദ്ര പ്രസിഡന്റ് റ്റി വി നാരായണ ശർമ്മ, ശർമ്മ തേവലശ്ശേരി, എം വി സദാശിവൻ നമ്പൂതിരി, എം വി സനാതനൻ നമ്പൂതിരി എന്നിവർ ആശംസകൾ നേർന്നു. കേന്ദ്ര പ്രസിഡന്റ് പൊന്നാട അണിയിച്ച് ആദരിക്കുകയും മംഗളപത്രം വായിച്ച് സമർപ്പിക്കുകയും ചെയ്തു. നാരായണൻ നമ്പൂതിരിയുടെ മറുപടി പ്രസംഗത്തിനു ശേഷം ശാഖാ ട്രഷറർ എം എൻ എസ് ശർമ്മ കൃതജ്ഞതയും അറിയിച്ചു.

2019 മാർച്ച് – ഏപ്രിൽ, വാല്യം : 16 – ലക്കം: 3

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

**ശ്രീ. പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം – 686 634, ഫോൺ : 8281108575

**ശ്രീ. ടി. വി. നാരായണ ശർമ്മ** (കേന്ദ്ര പ്രസിഡന്റ്)
താമരശ്ശേരി ഇല്ലം, മാലം പി.ഒ., കോട്ടയം – 686 019
ഫോൺ : 9562356959

**ശ്രീ. കെ. വി. ദേവൻ ഇളയത്** (കേന്ദ്ര സെക്രട്ടറി)
കൊണഞ്ചേരി ഇല്ലം, ഏങ്ങണ്ടിയൂർ പി. ഒ.,
തൃശൂർ – 680 615, ഫോൺ : 8589895026, 8129480591

**ശ്രീ. എം. എൻ. കേശവൻ ഇളയത്**
രാജ്ഭവൻ (മേച്ചേരിൽ ഇല്ലം ), തൃപ്പൂണിത്തുറ,
എറണാകുളം – 682 301, ഫോൺ : 9995110078

**ശ്രീ. നീലാംബരൻ ഇളയത്**
തോട്ടത്തിൽ ഇല്ലം (ശ്രീവത്സം), ചെറുതുരുത്തി പി.ഒ.,
തൃശൂർ – 679 531, ഫോൺ : 94468 89931

**ശ്രീമതി. ശാരദാമണി കെ. കെ.**
കൃഷ്ണപ്രഭ, കളവംകോടം പി. ഒ., ചേർത്തല ,
ആലപ്പുഴ – 688 524, ഫോൺ : 94976 34008

**ഡോ. ഹരികൃഷ്ണ ശർമ്മ**
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയ – 686 503, ഫോൺ : 98475 98896

**ശ്രീ. അരുൺ കീച്ചേരിൽ** (സർക്കുലേഷൻ)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ. – 686 575, ഫോൺ : 94468 46461

**ശ്രീ. വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം – 682 306, ഫോൺ : 94475 66168

**Bank Account : Indian Bank, M.G. Road,
Ernakulam | A/c. No. : 867897300,
IFSC Code : IDIB000M036
email : brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

ഈ കൊട്ടിഘോഷിക്കപ്പെടുന്ന മഹത്വം ഏകലവ്യനുണ്ടോ?

ഗുരുവായി കരുതുന്ന വ്യക്തിയുടെ പ്രതിമ വച്ച് പൂജിച്ച് വിദ്യാഭ്യാസമോ പരിശീലനമോ നടത്തിയാൽ ഒരാൾ ആ ഗുരുവിന്റെ ശിഷ്യനാകുമോ; എത്ര പ്രഗത്ഭനായാലും?

ഒരാൾക്ക് ഏതെങ്കിലും ഒരു വിഷയത്തിൽ ആ വിഷയത്തിന്റെ ബിരുദാനന്തര ബിരുദധാരിയെക്കാൾ അറിവുണ്ടെന്നു വിചാരിയ്ക്കുക. ഒരു വിദ്യാഭ്യാസ സ്ഥാപനവുമായോ ഏതെങ്കിലും ഒരു സർവകലാശാലയുമായോ ഒരു ബന്ധവുമില്ലാതെ തനിയെ നേടിയതാണ് ഈ അറിവെന്നും വിചാരിയ്ക്കുക. നാളെ ഇയാൾ ഒരു യൂണിവേഴ്സിറ്റിയുടെ ബിരുദ സർട്ടിഫിക്കറ്റ് തനിയ്ക്ക് അറിവുള്ള വിഷയത്തിൽ വ്യാജമായി നിർമിച്ചാൽ ലോകത്ത് ഏതെങ്കിലും ഒരു കോടതി ഇയാൾ ആ വിഷയത്തിൽ അസാമാന്യ അവഗാഹമുള്ളവനാണെന്നു കരുതി ശിക്ഷ ഒഴിവാക്കി വെറുതേ വിടുമോ? നമ്മൾ സമ്മതിയ്ക്കുമോ?

അത് മാത്രമോ, ധനുർവ്വേദം എന്ന ആയുധാഭ്യാസ വിജ്ഞാനം പഠിക്കുന്നതിനു മുൻപ് മനസ്സിനെ പാകപ്പെടുത്തേണ്ടതുണ്ട്. അതിനു മറ്റു വേദങ്ങളുടെ പഠനവും ശമനവും യോഗയും ഒക്കെ ഉൾകൊള്ളുന്ന ഒരു അടിസ്ഥാന പാഠ പദ്ധതിയിൽ വിജയിച്ചു വരേണ്ടതുണ്ട്. ഈ പ്രാഥമിക യോഗ്യത ഇല്ലാത്തവൻ ധനുർ വേദം പഠിച്ചാൽ നല്ല ആരോഗ്യമുള്ള പക്വതയും പാകതയുമില്ലാത്ത മന്ദബുദ്ധിയെ കരാട്ടെ പഠിപ്പിയ്ക്കുന്നതുപോലെ അതു ലോകത്തിനു വിനയാകും.

അതല്ലേ നമ്മൾ കണ്ടത്!

അടുത്ത പേജിൽ ...

**ഉപദേശകസമിതി**
**ഡോ പി.വി വിശ്വനാഥൻ നമ്പൂതിരി**
**ഡോ പി.സി. മുരളീമാധവൻ | പ്രൊഫ. ബാലചന്ദ്രശർമ്മ**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam



വിശ്വാസമല്ലോ വിളക്കു മനുഷ്യനു
വിശ്വാസം ജീവസർവസ്വമല്ലോ

കുരയ്ക്കുന്ന പട്ടിയുടെ വായിലേയ്ക്ക് ഏഴ് അമ്പുകളാണ് ആ ദുഷ്ടൻ എയ്തു കയറ്റിയ ത്. ആക്രമിയ്ക്കുകയല്ല , കുരയ്ക്കുക എന്ന സഹജസ്വഭാവമേ ആ മൃഗം കാണിച്ചുള്ളൂ എ ന്നോർക്കണം.'ചരാചരപ്രേമാഞ്ജനമെഴുതിയ ചക്ഷുസ്സില്ലാത്തവൻ' ധനുർവിദ്യയിൽ എത്ര അ ഗ്രഗണ്യനായാലും വെറും നിഷാദൻ മാത്രമാ ണ്.

കൗരവപക്ഷത്തായിരുന്നു എന്നും ഏകല വ്യൻ .ശ്രീകൃഷ്ണന്റെ പിതൃസഹോദരന്റെ എ ന്തോ വ്യക്തമല്ലാത്ത കാരണങ്ങളാൽ കാട്ടിൽ ന ഷ്ടപ്പെട്ട പുത്രനായിരുന്നു ഏകലവ്യൻ. അദ്ദേഹ ത്തെ വധിയ്ക്കുന്നത് ഭഗവാൻ കൃഷ്ണനനാണ്. പതിനാറായിരത്തോളം സ്ത്രീകളെ തടവിൽ പാ ർപ്പിച്ചിരുന്ന ജരാസന്ധന്റെ അടുത്ത സുഹൃ ത്തും ആയിരുന്നു ഏകലവ്യൻ എന്നറിയുമ്പോ ഴേ കൂട്ടിവായന പൂർണമാകൂ .

ഏകലവ്യനെ ദളിതനായി അവതരിപ്പിച്ച് സവർണരുടെ അവർണ ചൂഷണത്തിന്റെ കഥക ൾ മുൻകാലപ്രാബല്യത്തോടെ മെനയാൻ ശ്ര മിക്കുന്ന നിക്ഷിപ്ത താത്പര്യക്കാരുടെ പിറകി ൽ നിന്ന് ഏകലവ്യന് വേണ്ടി കൈയടിയ്ക്കുന്ന ത് ശുദ്ധമായ വിവരക്കേടിന്റെ ഒത്ത ലക്ഷണമാ കും എന്നോർക്കുന്നത് നന്ന്.

മഹാഗുരുവായ ദ്രോണർ വലതുകൈയുടെ പെരുവിരൽ മാത്രമല്ലെ ചോദിച്ചുള്ളൂ എന്നോർ ത്തു സമാധാനിയ്ക്കുക!!!

ഹരി
പത്രാധിപർ






ബ്രഹ്മശ്രീയുടെ മുൻ ചീഫ് എഡിറ്റർ ശ്രീമതി എം എം സാവിത്രിയുടെ പുതിയ പു സ്തകം "ഗർഗ്ഗ ഭാഗവത ക ഥകൾ" പ്രസിദ്ധ കവി പ്രൊഫ. മധുസൂദനൻ നാ യർ പ്രകാശനം ചെയ്യുന്നു. മലയാളബ്രാഹ്മണസമാജ ത്തിന്റെ ഹൃദയം നിറഞ്ഞ ആശംസകളും അഭിനന്ദന ങ്ങളും

കവിത



## ഞങ്ങൾ നമിക്കുന്നു.

എം.എം.സാവിത്രി : 04842478596

ഭാരതത്തിന്റെ ഹൃദയം പിളർന്നതിൽ
ഭീകരതാണ്ഡവമാടിയ ക്രൂരതേ
ചോര പൊടിയും മുറിവായി നിൽക്കുന്നു
ക്രൂരനര മേധ വേദിയാം പുൽവാമ
ഒറ്റനിമിഷത്തിലഗ്നിഗോളങ്ങളായ്
ഉറ്റവർ പൊട്ടിത്തെറിച്ച സ്മൃതികളിൽ
ഞങ്ങളേകുന്നു തിലോദകമായിട്ടു
വിങ്ങും മനസ്സിലെ കണ്ണുനീർത്തുള്ളികൾ

മഞ്ഞിൻ മലകളിൽ ഞങ്ങളെ കാക്കുവാൻ
കണ്ണിമവെട്ടാതെ കാവൽ നിൽക്കുന്നവർ
ഒന്നുമറിയാതെ ഞങ്ങൾക്കുറങ്ങുവാൻ
എന്നും തളരാതുണർന്നിരിക്കുന്നവർ
ചോരനാം മൃത്യുവിൻ മുന്നിൽ പതറാതെ
ജീവനെ രാജ്യത്തിനായി ത്യജിച്ചവർ
ധീരജവാന്മാരെ നിങ്ങൾക്കൊരായിരം
സ്നേഹാദരങ്ങൾ നിറഞ്ഞ പൂച്ചെണ്ടുകൾ

കർത്തവ്യവേദിയിൽ ആത്മാർപ്പണത്തിന്റെ
ചിത്രം വരച്ചു മറഞ്ഞു നിൽക്കുന്നവർ
രക്തമൊഴുക്കിപ്പിടഞ്ഞു വീഴുമ്പോഴും
രക്ഷയെൻ രാജ്യത്തിനെന്നു മന്ത്രിച്ചവർ
ഉഗ്രയുദ്ധത്തിലും പിന്തിരിഞ്ഞോടാതെ
ഉജ്ജ്വലമായ ചരിത്രം രചിച്ചവർ
പേരറിയാത്തവരെത്ര പേർ നൽകിയ
ജീവന്റെ പുണ്യമാണിന്നത്തെ ഭാരതം
ആദർശ നിഷ്ഠരാം ധീരയോദ്ധാക്കളെ
ആനമ്രശീർഷരായ് നമിക്കുന്നു നിങ്ങളെ !



2019 ഏപ്രിൽ 10ന് ആണ്ടൂർ മഹാദേവക്ഷേത്രത്തിൽ വച്ച് നടന്ന കെ.എസ്.കെ.ഇളയത് മെമ്മോറിയൽ അ ക്ഷരശ്ലോക-സമസ്യാപൂരണമത്സരത്തിന്റെ ഉദ്ഘാട നവേള



വാണീദേവിയെ വീണുവണങ്ങാം
വേണം നിന്റെയനുഗ്രഹമെന്നും

വേണു, ഗുരുവായൂർ ശാഖ

# ചരിത്രത്തിലെ സുപ്രധാന ഏടിലെ പിന്നീടുണ്ടായ അപചയം

**പ്രിവിപേഴ്സ്**

സ്വതന്ത്രഭാരതത്തിൽ കൂട്ടിച്ചേർക്കപ്പെട്ട മദ്ധ്യഭാരതത്തിലെ പ്രദേശങ്ങളിലെ, മുൻരാജാക്കന്മാരിൽ നിന്നു ലഭിച്ച പണനിക്ഷേപങ്ങളിൽ നിന്നു മാത്രം, കാലാകാലങ്ങളിൽ ലഭിക്കുന്ന പലിശവരുമാനത്തിൽ നിന്നുള്ള ഒരു വിഹിതം അധികാരം വിട്ടൊഴിഞ്ഞതിന്റെ നഷ്ടപരിഹാരമായി അവർക്ക് നൽകുന്നതിന് സർദാർ പട്ടേൽ ഭരണഘടനയിൽ 291, 292 വകുപ്പുകൾ പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ഒരു ആനുകൂല്യം എന്ന് പ്രിവിപേഴ്സിനെ നിർവ്വചിക്കാം. ഇതിൽ നിന്നും പ്രിവിപേഴ്സ് എന്നത് താഴെ കാണുന്ന സ്വഭാവവിശേഷതകൾ ഉള്ളതാണെന്ന് മനസ്സിലാക്കാം.

1. പ്രിവിപേഴ്സ് മുൻരാജാക്കന്മാർക്ക് നൽകുന്ന ഒരു പെൻഷൻ ആണ്.
2. പ്രിവിപേഴ്സ് ആനുകൂല്യം അവർ സ്വതന്ത്ര ഭാരതത്തിലേക്ക് നൽകിയ പണനിക്ഷേപത്തിന്റെ ആനുപാതികമായാണ്.
3. ഭരണഘടനാപരമായ നഷ്ടപരിഹാരമായി അതിനെ കാണുന്നു. (ഭരണഘടനാ ഭേദഗതിക്ക് ഭൂരിപക്ഷ തീരുമാനം പോര)
4. അഖണ്ഡഭാരതത്തിനുള്ള മുൻരാജാക്കന്മാരുടെ ത്യാഗത്തെ പ്രതിയായാണ് പട്ടേൽ ഇതിനെ കാണുന്നത്.
5. പെൻഷൻ എന്നതിലുപരി അർഹമായ ഒരു പുരസ്കാരമോ ബഹുമതിയോ ആയാണ് ഇതിനെ കരുതുന്നത്
6. ഈ ആനുകൂല്യം രാജ്യത്തിന്റെ ഖജനാവിന് വരുന്ന നഷ്ടം എന്ന നിലയ്ക്കല്ല, മറിച്ച് പുതിയ ഇന്ത്യയുടെ ഖജനാവ് നിറയ്ക്കുന്നതിന് സഹായിച്ച മുൻഭരണാധികാരികൾക്കുള്ള നഷ്ടപരിഹാരം എന്ന നിലയ്ക്കാണ് കരുതുന്നത്
7. സർവ്വോപരി അഖണ്ഡഭാരതത്തിന് യജ്ഞിച്ച സർദാർ വല്ലഭായ് പട്ടേലിന്റെ, മുൻഭരണാധികാരികൾക്കുള്ള, വാഗ്ദാനമായിരുന്നു പ്രീവിപേഴ്സ്.

**ഒരു ചതിയുടെ കഥ**

പ്രിവിപേഴ്സിനെ സ്വതന്ത്ര ഭാരതത്തിലെ ആദ്യഭരണാധികാരികൾ പട്ടേൽ അഖണ്ഡഭാരതത്തിന് വേണ്ടി സഹായം ചെയ്ത ഭരണാധികാരികൾക്കുള്ള ചെറിയൊരു നഷ്ടപരിഹാരം എന്ന നിലയ്ക്കാണ് പരിഗണിച്ചിരുന്നത്. ഭാരതത്തിന്റെ അഖണ്ഡതക്കു നൽകിയ ചെറിയൊരു വില മാത്രമാണ് പ്രിവിപേഴ്സ് എന്നായിരുന്നു പട്ടേലിന്റെ സമകാലീനനും ആദ്യപ്രധാനമന്ത്രിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അഭിപ്രായം. എന്നാൽ ജനാധിപത്യത്തിന്റെ പിൻതലമുറക്കാർ മുൻരാജാക്കന്മാരുടെ ത്യാഗത്തെ വില കുറച്ചു കാണുകയും വോട്ടുബാങ്കിന്റെ വില മനസ്സിലാക്കുകയും ചെയ്തു.

**പ്രിവിപഴ്സ് കേസ്**

1967 ലെ തെരഞ്ഞെടുപ്പിൽ പല നാട്ടുരാജാക്കന്മാരായിരുന്നവർ സി.രാജഗോപാലാചാരി നേതൃത്വം വഹിച്ച സ്വതന്ത്രപാർട്ടിയിൽ ചേർന്ന് കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ തോൽപ്പിച്ചത് ജവഹർലാൽ നെഹ്റുവിന്റെ അടുത്ത തലമുറക്ക് സഹിച്ചില്ലായെന്നു പറയാം. അതു കൊണ്ടുതന്നെ ഇന്ദിരാഗാന്ധി പ്രിവിപേഴ്സിനെ നിരോധിക്കുന്നതിന് തീരുമാനിച്ചു.

1967 ജൂൺ 25 ന് ചേർന്ന അഖിലേന്ത്യാ കോൺഗ്രസ് പ്രിവിപേഴ്സ് നിറുത്തുന്നതിനുള്ള ഒരു പ്രമേയം പാസാക്കി. അതനുസരിച്ച് സർക്കാർ ഭരണഘടനയുടെ 24 ാം ഭേദഗതി ലോകസഭയിൽ അവതരിപ്പിച്ചു. ലോകസഭയിൽ 332 – 154 എന്ന ഭൂരിപക്ഷം പ്രമേയത്തിന് ലഭിച്ചെങ്കിലും ഭരണഘടനാ ഭേദഗതിയായതിനാൽ രാജ്യസഭയിൽ കൂടി അവതരിപ്പിച്ചപ്പോൾ 75 – 149 ന് പ്രമേയം പരാജയപ്പെടുകയാണുണ്ടായത്. എന്നാൽ 1971 ലെ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള വിജയം മുൻരാജാക്കന്മാരുടെ ഈ ആനുകൂല്യം ഭരണഘടനാ ഭേദഗതിയിലൂടെ എടുത്ത് കളയുന്നതിലേക്ക് നയിച്ചു. പിൻതലമുറയിൽപെട്ട രാഷ്ട്രീയക്കാർ പ്രിവിപേഴ്സിനെ എങ്ങനെ കാണുന്നുവെന്നത് ഈ സാഹചര്യത്തിൽ പരിശോധിക്കേണ്ടതാണ്. അത് താഴെ പറയും പ്രകാരമാണെന്നു പറയാം.

1. പ്രിവിപേഴ്സ് ഒരു സമത്വ സാമൂഹ്യക്രമത്തിൽ പൊരുത്തപ്പെടുന്നതല്ല. ഉള്ളവനും ഇല്ലാത്തവനും തമ്മില്ലുള്ള അന്തരത്തിനു വഴി വെയ്ക്കുന്നു.
2. സമൂഹത്തിലെ തുച്ഛം എണ്ണം വരുന്ന രാജാക്കന്മാർക്ക് ഒരു വർഷം 5 കോടിയോളം രൂപ ചെലവിടുന്നത് നീതികേടാണ്. പ്രിവിപേഴ്സ് നിരോധിച്ച തിലൂടെ 5 കോടി രൂപ രാജ്യത്തിന്റെ ഖജനാവിന് നേട്ടമുണ്ടാക്കി.
3. പ്രിവിപേഴ്സ് എന്ന ആശയം തന്നെ അനവധി പട്ടിണി പാവങ്ങളുള്ള രാജ്യത്തിന് നാണക്കേടാണ്.

ഈ വാദഗതികൾ പരിശോധിക്കുമ്പോൾ പലതും വാസ്തവമാണ്. പട്ടിണി മാറ്റുന്നതിനാണ് സർക്കാർ പരിഗണന നൽകേത്. എന്നാൽ വാസ്തവത്തിൽ പ്രിവിപേഴ്സ് എന്ന തുച്ഛ എണ്ണം മുൻപ്രഭുക്കന്മാരുടെ ആനുകൂല്യങ്ങളെ കോടികളുടെ പട്ടിണി മാറ്റാനാവും എന്നത് ഒരു വിരോധാഭാസമാണ്. പല രാജാക്കന്മാർക്കും ലക്ഷങ്ങളുടെ ആനുകൂല്യം നൽകേണ്ടി വരുന്നു എന്നതും ഒരു സത്യമായിരുന്നു. എന്നാൽ ഈ വിഷയം അവരുമായി ആലോചിച്ച് അവരുടെ സമ്മതത്തോടെ കുറയ്ക്കുകയാണെങ്കിൽ എത്ര മഹത്തരമായിരുന്നു. ഏകപക്ഷീയമായി, അവരുടെ ഭരണഘടനാപരമായ ആനുകൂല്യം, നിരോധിച്ചത് അവരുടെ കരണത്തിനേറ്റ അടിയായിരുന്നുവെന്ന്പറയാം. ഈ നിരോധനം രാഷ്ട്രീയപ്രേരിതമാണെന്നോ ഏതെങ്കിലും രാഷ്ട്രീയകക്ഷിയുടെ ഇച്ഛാനുസാരണമെന്നോ പറയാനാവില്ല. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും പിന്നീട് ഈ നീക്കത്തെ അനുകൂലിച്ചുവെന്നു പറയാം, പട്ടിണിപാവങ്ങളുടെ പേരിൽ.

ഇപ്പോഴത്തെ ജനാധിപത്യപ്രഭുക്കളുടെ ആനുകൂല്യങ്ങളും മറ്റും കേട്ടാൽ നമുക്ക് മനസ്സിലാക്കാം പട്ടിണി പാവങ്ങളുടെ പേരിൽ, ഭരണത്തിലിരുന്ന മുൻരാജാക്കന്മാരെ തഴഞ്ഞ് പട്ടേലിന്റെ വാക്കുകളെ തള്ളി ഇന്ത്യൻ ജനാധിപത്യം പഴയ തലമുറയിലെ ഈ ത്യാഗികൾക്ക് നൽകിയ പ്രതിജ്ഞയുടെ ലംഘനത്തിന്റെ വ്യാപ്തി. (ഇപ്പോഴത്തെ മന്ത്രിമാരുടേയും ജനപ്രതിനിധികളുടേയും ആനുകൂല്യങ്ങളുടെ വിവരങ്ങൾ ലേഖനത്തിന്റെ വിസ്താര ഭയത്താൽ ഒഴിവാക്കുന്നു.) തുടരും ..

അടുത്ത ലക്കത്തിൽ – **തോളിൽ മാറാപ്പുകേറ്റിയവർ**

വിവിധ മേഖലകളിൽ ലോകം എങ്ങിനെ പ്രവർത്തിക്കുന്നുവെന്ന് ആ രംഗങ്ങളിലെ വിദഗ്ദ്ധർ വായനക്കാരെ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. (നാനാ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സമാജംഗങ്ങളിൽ നിന്നും ഇത്തരത്തിലുള്ള കൗതുകകരവും വിജ്ഞാനപ്രദവുമായ ലേഖനങ്ങൾ ക്ഷണിക്കുന്നു. വിഷയങ്ങൾക്ക് പരിധിയില്ല. ക്ഷേത്രവിജ്ഞാനം മുതൽ റോക്കറ്റ് വിക്ഷേപണം വരെ ആകാം. ലേഖനം ബ്രഹ്മശ്രീയുടെ മൂന്നു പേജിൽ കൂടുതൽ ആകരുതെന്നു മാത്രം : പത്രാധിപർ)

## ആധുനിക പണമിടപാടുകൾ

# അതിവേഗം, അതീവ സുരക്ഷിതം

V N Divakaran MBA, DISA ( Retd. Manager, Federal Bank ) 944 780 9686

### പണമിടപാടുകൾ ഇന്ത്യയിൽ

കൗടില്യന്റെ (ചാണക്യൻ) 'അർത്ഥ ശാസ്ത്ര' മാണ് ഭാരതത്തിൽ സാമ്പത്തിക ഭദ്രതയുടെ പ്രാധാന്യം വിവരിച്ച ആദ്യ ഗ്രന്ഥം. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുൻപുള്ള ഒന്നര നൂറ്റാണ്ടോളം ഇന്ത്യയിലെ ബാങ്കിംങ് രംഗം സാഹുകാർ, ജയിൻ, ഷെട്ടി, വൈശ്യ, ചെട്ടിയാർ തുടങ്ങിയ സമുദായങ്ങളുടെ കുടുംബ ബിസ്സിനസ്സായി മാറിയിരുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സാമ്പത്തിക രംഗത്തുണ്ടായ ഏറ്റവും വലിയ വിപ്ളവമായിരുന്നു 1969ൽ നടന്ന ബാങ്ക് ദേശീയവത്കരണം. ഇതോടു കൂടി അതു വരെ പണക്കാർക്കും വൻകിട വ്യവസായികൾക്കും മാത്രം പ്രാപ്യമായിരുന്ന ബാങ്കിങ് സേവനങ്ങൾ ഗ്രാമ നഗരഭേദമന്യേ സാധാരണ ജനങ്ങൾക്കും ലഭ്യമായി. ചെക്ക്, ഡിമാൻഡ് ഡ്രാഫ്റ്റ് (DD), മെയിൽ ട്രാൻസ്ഫർ (MT), ടെലിഗ്രാഫിക് ട്രാൻസ്ഫർ (TT) എന്നിവയായിരുന്നു പ്രധാന പണമിടപാട് മാർഗ്ഗങ്ങൾ. എന്നാൽ തപാൽ മാർഗ്ഗത്തെ കൂടുതൽ ആശ്രയിച്ചിരുന്നതിനാലും, ടെലിഫോൺ വ്യാകപകമല്ലാതിരുന്നതിനാലും TT യിൽ പോലും അതേ ദിവസം തന്നെ ഇടപാട് പൂർത്തിയാക്കുവാൻ സാധിച്ചിരുന്നില്ല. കമ്പ്യൂട്ടർവൽക്കരണത്തിനെതിരെ 70കളിൽ ബാങ്കിംങ് രംഗത്തെ തൊഴിലാളികൾ എതിർപ്പ് പ്രകടിപ്പിച്ചിരുന്നെങ്കിലും 80 കളിലും 90 കളിലും വിവര സാങ്കതിക രംഗത്ത് ആഗോള വ്യാപകമായി ഉണ്ടായ കുതിച്ചു ചാട്ടത്തിൽ നിന്നും ഇന്ത്യൻ ബാങ്കിങ്ങിനും വിട്ടു നില്കാനായില്ല. 2000 ഓടു കൂടി പൂർണ്ണ ബ്രാഞ്ച് കമ്പ്യൂട്ടർവൽക്കരണം (TBA), കോർ ബാങ്കിംങ് സിസ്റ്റം (CBS) എന്നിവ ഇന്ത്യയിലെ ഒട്ടു മിക്ക ബാങ്കിലും നിലവിൽ വരുകയും ഏത് ഇടപാടുകാരനും ഏതു ബ്രാഞ്ചിൽ നിന്നും (Any Where Banking) ഇടപാടുകൾ നടത്താമെന്ന സ്ഥിതിയും, RTGS/ NEFT ഇവയുടെ ആവിർഭാവത്തോടെ ഏതു ബാങ്കിൽ നിന്നും മറ്റ് ബാങ്കുകളിലേ അക്കൗണ്ടുകളിലേക്കും വളരെ വേഗത്തിൽ പണം കൈമാറാനും സാധിച്ചു. ഇതോടെ MT, TT എന്നിവ അപ്രസക്തമാകുകയും ചെക്ക്, DD എന്നിവയുടെ ആവശ്യം ക്രമാതീതമായി കുറയുകയും ചെയ്തു. പൂർണ്ണ കമ്പ്യൂട്ടർവല്കരണത്തിന് മുൻപ് തന്നെ രാജ്യ വ്യാപകമായി ചെക്കുകളും ഡ്രാഫ്റ്റുകളും MICR കോഡിംഗ് വഴി ധൃത ഗതിയിൽ കൈമാറ്റം ചെയ്തിരുന്നെങ്കിൽ 2009 ൽ ഇവ നേരിട്ട് കൈമാറാതെ സ്കാനിംഗ് നടത്തി ഇമേജ് വഴി ക്ളിയറിംഗ് നടത്തുന്ന ചെക്ക് ട്രൺകേഷൻ (CTS) നടപ്പിലാക്കിയതോടെ ചെക്കുകൾ വഴിയുള്ള ഇടപാടുകൾ ഇമ വെട്ടും വേഗത്തിലായി. ചെക്കുകൾ രാജ്യത്ത് എപ്പോൾ, ഏതു ഭാഗത്തു നിന്നും പ്രസന്റ് ചെയ്യാമെന്നതിനാൽ അക്കൗണ്ടിൽ പണമുണ്ടെന്ന് ഉറപ്പാക്കിയതിനു ശേഷമേ ചെക്ക് നൽകാവൂ. മടങ്ങിയാലുള്ള ചാർജാവട്ടെ അതി കഠിനവുമാണ്.

### ഇലക്ട്രോണിക് ക്ളിയറിങ്ങ് സർവീസ് ( ECS )

സമാന രീതിയിൽ ഉള്ളതും എണ്ണത്തിൽ ഭീമവുമായ പല ഇടപാടുകളും ലഘൂകരിക്കുവാനായി രാജ്യത്ത് 2008ൽ നാഷനൽ ഇലക്ട്രോണിക് ക്ളിയറിംഗ് സ്കീം (NECS) ആരംഭിച്ചു. ഗവൺമെന്റിൽ നിന്നും കമ്പനികളിൽ നിന്നും മറ്റും ജനങ്ങളുടെ അക്കൗണ്ടിലേക്ക് കൈമാറ്റേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ, ഡിവിഡന്റ്, പലിശ എന്നിവ കൂടാതെ ഇടപാടുകാരുടെ ഇൻഷുറൻസ് പ്രീമിയം, സേവന ബില്ലുകൾ, ലോണുകളുൾപ്പെടെയുള്ള തിരിച്ചടവുകൾ ഇവയും ബാങ്കിന് നൽകുന്ന നിർദ്ദേശമനുസരിച്ച് കൃത്യമായ കാലയളവിൽ അക്കൗണ്ടിലെ ബാലൻസ് അനുവദിച്ചാൽ ചെറിയ ചാർജ്ജ് ചുമത്തി നടത്തിക്കൊടുക്കുന്നു.

### RTGS / NEFT

പണമിടപാടു രംഗത്ത് വിപ്ളവം സൃഷ്ടിച്ച രണ്ട് വാക്കുകളാണിവ. പണം അയയ്ക്കേണ്ട വ്യക്തി /സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പറും ബാങ്കിന്റെ IFSC കോഡും നൽകിയാൽ നമ്മുടെ ബാങ്കിൽ നിക്ഷേപിക്കുന്ന തുക മണിക്കൂറുകൾക്കകം ഉദ്ദേശ്ശിക്കുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് സ്വന്തം അക്കൗണ്ടിൽ നിന്ന് പിൻവലിക്കുവാൻ സാധിക്കും. രാജ്യത്താകമാനം റിസർവ് ബാങ്കിന്റ നിയന്ത്രണത്തിൽ നടക്കുന്ന ഈ രീതികളിൽ ഭാരിച്ച ചാർജ് നൽകേണ്ടതില്ല. അക്കൗണ്ട് നമ്പറിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനാൽ അത് തെറ്റായി നൽകിയാൽ പണം മറ്റൊരു അക്കൗണ്ടിലേക്ക് പോകാമെന്നതിനാൽ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. നാഷനൽ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ (NEFT) ൽ ഒരു ദിവസം ഒരോ മണിക്കൂറിലും ലഭിക്കുന്ന അപേക്ഷകൾ 12 ബാച്ചുകളായി കൈകാര്യം ചെയ്യുന്നു. 2ലക്ഷത്തിന് മുകളിലുള്ള തുകകൾക്കായുള്ള റിയൽ ടൈം ഗ്രോസ് സറ്റെിൽമെന്റ് (RTGS) ൽ ഓരോ ഇടപാടും അതേ സമയത്ത് കൈകാര്യം ചെയ്യുന്നതിനാൽ NEFT-നേക്കാൾ വേഗത കൂടും. റിസർവ് ബാങ്ക്, ക്ളിയറിംഗ് കോർപ്പറേഷൻ ( CCIL )വഴിയാണിത് നടത്തുന്നത്. 2007ൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ PSS Act വഴി റി



ഭവ്യമായിരിയ്ക്കണം ചിന്തയും പ്രവൃത്തിയും
ദൈവസന്തതികളായിക്കാണണം പരസ്പരം

സർവ് ബാങ്കിലെ ഉന്നതാധികാരമുള്ള ബോർഡിനാണ് ഇവയുടെ നിയന്ത്രണം.

**ഇന്റർനെറ്റ് ബാങ്കിംങ്**

സ്വന്തം ഗൃഹത്തിലോ ഓഫീസിലോ ഇരുന്നു കൊണ്ട് ബാങ്ക് അക്കൗണ്ടിലെ വിവരങ്ങൾ മനസ്സിലാക്കുന്നതിനും ഒരു നിശ്ചിത പരിധി വരെ പണമിടപാടുകൾ നടത്തുന്നതിനും മറ്റ് സേവനങ്ങൾ നൽകാനും ബാങ്കുകൾ നടപ്പിലാക്കിയ പദ്ധതിയാണിത്. തപാൽ, ഈ മെയിൽ വഴിയുള്ള തട്ടിപ്പുകൾ വ്യാപകമായ ഇക്കാലത്ത്, രഹസ്യ പാസ്‌വേർഡ് വഴി മാത്രം തുറക്കാവുന്നതും, സന്ദേശങ്ങൾ രഹസ്യ കോഡുകളായി അയയ്കുന്നതുമായ ഈ രീതിക്ക് പ്രവാസികൾ വളരെയേറെയുള്ള കേരളത്തിൽ ഇതിനോടകം വളരെ പ്രചുര പ്രചാരം ലഭിച്ചിട്ടുണ്ട്. ബില്ലുകൾ അടയ്കുക, ഓൺ ലൈനായി സാധനങ്ങൾ വാങ്ങുക, ഇൻകം ടാക്സ് അയ്കുക തുടങ്ങിയ പല സേവനങ്ങളും നെറ്റ് ബാങ്കിംങ് വഴി നടത്താം.

**ATM/CDM, POS മെഷീനുകൾ**

പണമിടപാടുകൾക്കയി ബാങ്കുകളെ നേരിട്ട് സമീപിക്കുന്നത് കുറയ്ക്കുവാനും, 24മണിക്കൂറും കാർഡ് മുഖേന പണം ലഭ്യമാക്കുന്നതിനും ഏർപ്പടുത്തിയ സംവിധാനമാണ് ഓട്ടോമാറ്റിക് ടെല്ലർ മെഷീനുകൾ (ATM ). ബ്രാഞ്ചുകളോട് ചേർന്നിരിക്കുന്നവയിൽ ബാങ്ക് നേരിട്ടും അല്ലാത്തവയിൽ ഇതിനായുള്ള സ്വകാര്യ ഏജൻസികളുമാണ് ഇതിന്റെ മേൽനോട്ടം വഹിക്കുന്നത്. CDM മെഷീനുകളിൽ പണം അടയ്കുവാനുള്ള സംവിധാനം ഒരുക്കിയിരിക്കുന്നു. കാർഡ് മുഖേന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനും, സേവന ദാതാക്കൾക്ക് ഫീസ് നൽകുന്നതിനും ഇത്തരം സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് പോയിന്റ് ഓഫ് സയിൽ (POS) മെഷീനുകൾ. അന്താരാഷ്ട്ര കമ്പനികളായ VISA, Mastercard എന്നിവയുമായി സഹകരിച്ചും അവരുടെ ആഗോള വ്യാപകമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയുമാണ് ഇന്ത്യയിലെ ബാങ്കുകൾ ഇത്തരം കാർഡുകൾ നൽകുന്നത്. ഇന്ത്യയുടെ സ്വന്തം ഏജൻസിയായ Rupay യും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. കാർഡുകളോടൊപ്പം നൽകുന്ന രഹസ്യ പിൻ നമ്പർ, കാർഡിനോടൊപ്പം ഉപയോഗിച്ചാൽ മാത്രമേ ഇടപാടുകൾ നടക്കുകയുള്ളു. ഇവ രണ്ടും കൈവശമുള്ള ആർക്കും പണം എടുക്കാമെന്നിരിക്കെ ഇവ രണ്ടും ഒരുമിച്ച് കൈവശം സൂക്ഷിക്കാതിരിക്കാനും പിൻ നമ്പർ കഴിവതും ഓർമ്മയിൽ മാത്രം സൂക്ഷിക്കുവാനും ശ്രമിച്ചാൽ ATM വഴിയുള്ള അനധികൃത ഇടപാടുകൾ കഴിവതും കുറയ്കാം. കാർഡിന്റെ പിൻഭാഗത്തുള്ള ടേപ്പിലായിരുന്നു രഹസ്യ വിവരങ്ങൾ അടുത്ത കാലം വരെ സൂക്ഷിച്ചിരുന്നത്. എന്നാൽ കൂടുതൽ സുരക്ഷയ്കായി അവയ്കു പകരം ചിപ്പുകൾ പതിച്ച (EMV) കാർഡുകളാണ് ഇപ്പോൾ നൽകുന്നത്. പണം പിൻവലിക്കുന്ന സമയത്ത് കാർഡിൽ നിന്ന് മെഷീൻ രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും കാർഡുടമ നൽകുന്ന പിൻ നമ്പറുമായി ഒത്തു നോക്കി ശരിയാണെങ്കിൽ മാത്രം കാർഡ് കമ്പനിയുടെ (eg. VISA) സേർവറിലേക്ക് വിവരം കൈമാറുന്നു. ആ സേർവർ ഏതു ബാങ്കിലേതാണ് അക്കൗണ്ട് എന്ന് കണ്ടു പിടിക്കുകയും പ്രസ്തുത ബാങ്കിന്റെ സേർവറിലേക്ക് വിവരം കൈമാറി ആവശ്യപ്പട്ട തുക അക്കൗണ്ടിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നു. ഈ വിവരം വീണ്ടും കാർഡ് കമ്പനിയുടെ സേർവർ വഴി ATM ൽ എത്തുമ്പോഴെ പണം നൽകാൻ ATM മെഷീൻ തയ്യാറാകൂ. VISA യുടേയും മറ്റും നമ്മുടെ ഏറ്റവും അടുത്ത സേർവർ സിങ്കപ്പൂരിലും ഇന്ത്യയിലെ മിക്ക ബാങ്കുകളുടേയും ഉപഗ്രഹ ലിങ്കിംങ് ഡൽഹിക്കടുത്തുള്ള നോയിഡയിലുമാണെന്ന യാഥാർത്ഥ്യങ്ങൾ പരിഗണിച്ചാൽ, കേവലം ഒരു പണം പിൻവലിക്കലിനു മാത്രം കേരളത്തിലെ ഒരു ATM മെഷിനിൽ ഇടുന്ന കാർഡിലെ വിവരങ്ങൾ ലക്ഷക്കണക്കിനു കിലോമീറ്റർ താണ്ടുന്നുവെന്ന സത്യം , മെഷീനുകൾക്കു മുൻപിൽ സക്കെന്റുകളുടെ താമസത്തിൽ പ്പോലും അക്ഷമരാകുന്ന നമ്മുടെയൊക്കെ കണ്ണ് തുറപ്പിക്കേണ്ടതാണ്. മേൽക്കാണിച്ചിരിക്കുന്ന മെഷീനുകളിൽ ഉപയോഗിക്കുന്നതിന് ബാങ്കുകൾ ഇടപാടുകാർക്കായി നൽകുന്ന കാർഡുകൾ ഇവയാണ്:

**1. ഡെബിറ്റ് കാർഡുകൾ**

സാധാരണ സേവിങ്സ് അക്കൗണ്ടിൽ ബാങ്കുകൾ നൽകുന്ന ATM ഡെബിറ്റ്കാർഡാണിത്. അക്കൗണ്ടിൽ പണം ലഭ്യമാണെങ്കിൽ മാത്രമേ ഈ കാർഡ് വഴി ഇടപാടുകൾ നടത്തുവാൻ സാധിക്കൂ. അക്കൗണ്ടിൽ സൂക്ഷിക്കേണ്ട കുറഞ്ഞ തുകയുടെ നിലവാരമനുസരിച്ച് ഒരു ദിവസം പിൻവലിക്കാവുന്ന പരമാവധി തുക നിശ്ചയിച്ചിട്ടുള്ള വിവിധ തരം കാർഡുകൾ ബാങ്കുകൾ വിതരണം ചെയ്യുന്നുണ്ട്.

**2. ക്രെഡിറ്റ് കാർഡുകൾ**

അക്കൗണ്ടിൽ പണം ഇല്ലാതെ തന്നെ ഈ കാർഡ് മുഖേന ഒരു നിശ്ചിത തുക വരെ ATM ൽ നിന്നും പിൻവലിക്കുവാനും മറ്റിടപാടുകൾ നടത്തുവാനും സാധിക്കും. അക്കൗണ്ടിൽ കുറവുള്ള തുക എല്ലാ മാസവും നിശ്ചിത തീയതിക്ക് മുൻപായി അടയ്കേണ്ടതും ആ തീയതിക്കു ശേഷം പലിശ സഹിതം അടയ്കേണ്ടതുമാണ്. ആഗോള വ്യാപകമായി വളരെയധികം പ്രചാരമുണ്ടെങ്കിലും സാമ്പത്തിക അച്ചടക്കത്തിൽ പിന്നോക്കം നിൽക്കുന്ന ഇടപാടുകാരുള്ള ഇന്ത്യയിൽ വർദ്ധിച്ചു വരുന്ന കുടിശ്ശിഖ മൂലം റിസർവ് ബാങ്കും മറ്റ് ബാങ്കുകളും ക്രെഡിറ്റ് കാർഡ് ഒരു പരിധി വിട്ട് പ്രോൽസാഹിപ്പിക്കുന്നില്ല. 2007-08 കാലഘട്ടത്തിൽ അമേരിക്കയിൽ ഉണ്ടായ സാമ്പത്തിക തകർച്ചയ്കും ബാങ്കുകളുടെ പരാജയത്തിനും ഒരു കാരണം ക്രെഡിറ്റ് കാർഡുകളുടെ ക്രമാതീതമായ ദുരുപയോഗമായിരുന്നു എന്ന വസ്തുതയും ഈ അവസരത്തിൽ നമുക്ക് ഓർമ്മിക്കാം.

**3. വിവിധോദ്ദേശ / സ്മാർട്ട് കാർഡുകൾ**

മേൽ വിവരിച്ചവ കൂടാതെ ബാങ്കുകളും റിസർവ് ബാങ്ക് അനുവദിച്ചിട്ടുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങളും ഇടപാടുകാരുടെ വിവിധങ്ങളായ ആവശ്യങ്ങൾ മുൻപിൽ കണ്ടു കൊണ്ട് പല തരം കാർഡുകൾ പുറത്തിറക്കുന്നുണ്ട്. പ്രധാനമായവ ഇവയാണ്:

**A. പ്രീ പെയ്ഡ് കാർഡുകൾ**

ഒരു നിശ്ചിത തുക കാർഡ് എടുക്കുമ്പാൾത്തന്നെ നികഷേപിച്ചിരിക്കുന്നതിനാൽ ഈ തുക അവസാനിക്കുന്നതു വരെ ATM വഴി പിൻവലിക്കുകയോ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങളായോ വാങ്ങുകയോ ചെയ്യാം. ദീർഘ യാത്രയ്കു വേണ്ടിയും വിവാഹം പോലുള്ള അവസരങ്ങളിൽ സമ്മാനമായി കൊടുക്കുവാനും ഇത്തരം കാർഡുകൾ ഉപകരിക്കും.

**B. സ്മാർട്ട് കാർഡുകൾ**

വലിയ നഗരങ്ങളിൽ ദിവസേന യാത്ര ചെയ്യുന്നവർക്കായി ബസ്, മെട്രോ കമ്പനികൾ നൽകുന്ന ഇത്തരം കാർഡുകൾ മുഖേന ഈ സംവിധാനങ്ങളിൽ നിശ്ചിത പരിധിയിലുള്ള യാത്രകൾക്കു പുറമേ അനുബന്ധ വ്യാപാര സ്ഥാപനങ്ങളിൽ ഷോപ്പിംങ് നടത്തുവാനും സാധിക്കും.

**മൊബൈൽ ബാങ്കിംങ്**

ആശയ വിനമയ രംഗത്തെന്നതുപോലെ തന്നെ സാമ്പത്തിക രംഗത്തും മൊബൈൽ ഫോണിന്റെ ആവിർഭാവം വിപ്ളവകരമായ മാറ്റങ്ങൾ വരുത്തി.
2010ൽ കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ നാഷനൽ പേയ്മെന്റ് കോർപ്പറേഷൻ (NPCI) മൊബൈൽ ഉപഭോക്താക്കൾക്കായി ഇമ്മിഡിയറ്റ് പേയ്മെന്റ് സർവീസ് ( IMPS) നടപ്പിലാക്കിയതോടെ റിസർവ് ബാങ്കിന്റെ അംഗീകാരമുള്ള ബാങ്കുകളിലെ പണം മൊബൈൽ ഫോണിലൂടെ കൈമാറ്റം നടത്താമെന്ന സ്ഥിതി സംജാതമായി. NPCI, നാഷനൽ ഫൈനാൻഷ്യൽ സ്വിച്ച് (NFS ) എന്ന സംവിധാനത്തിലൂടെയാണ് ഇത് പ്രാവർത്തികമാക്കിയത്. ഇന്ന് ബാങ്ക് പാസ്സ് ബുക്ക് മൊബൈൽ ഫോണിൽ കാണുവാൻ സഹായിക്കുന്ന ആപ്പ് കൂടാതെ പണമിടപാടുകൾ ഞൊടിയിടയിൽ കൈകാര്യം ചെയ്യുവാൻ സാധിക്കുന്ന മൊബൈൽ ആപ്പുകളും ബാങ്കുകൾ നൽകി വരുന്നു.

**പേയ്മെന്റ് ബാങ്കുകൾ**

ഡിജിറ്റൽ വാലറ്റ്, പേയ്മെന്റ് വാലറ്റ്, ബാങ്കിംങ് വാലറ്റ് എന്ന പേരുകളിൽ അറിയപ്പെടുന്ന പ്രീ പെയ്ഡ് ഇൻസ്ട്രമെന്റാണ് ( PPI) പണമിടപാട് രംഗത്തെ പുതിയ ട്രെൻഡ്. ബാങ്ക് അക്കൗണ്ടിൽ നിന്ന് നെറ്റ് ബാങ്കിംങ്, ക്രെഡിറ്റ്/ ഡെബിറ്റ് കാർഡുകൾ, RTGS/NEFT തുടങ്ങി എതെങ്കിലും മാർഗത്തിലൂടെ ഇതിലേക്ക് മാറ്റുന്ന പണം ഓൺ ലൈൻ പർചേസ്, വിമാന/ ട്രെയിൻ ബുക്കിംങ് , ബിൽ പേയ്മെന്റ് തുടങ്ങി ഏതാവശ്യത്തിനും വിനിയോഗിക്കാം. ഇന്ത്യയിൽ ഈ രംഗത്തെ അതികായനായ Paytm ന് ഇപ്പോഴുള്ള 2 കോടിയിലധികം ഇടപാടുകാർ രാജ്യത്താകമാനമുള്ള ക്രെഡിറ്റ് കാർഡുകളുടെ എണ്ണത്തേക്കാൾ കൂടുതലാണ്. 2015ൽ റിസർവ് ബാങ്ക്, റിലയൻസ്, എയർടെൽ, വോഡഫോൺ ഉൾപ്പെടെ 11 വ്യാപാര സ്ഥാപനങ്ങൾക്കു കൂടി പേയ്മെന്റ് ബാങ്ക് തുടങ്ങാൻ RBI അനുമതി നൽകി.

# ശിവോഹം മഹാകൈലാസയാത്ര ശിവോഹം

പി.വി.ലോകനാഥ്, പുതുശ്ശേരിഇല്ലം, ആണ്ടൂർ ശാഖ, 99468 05599

മുൻലക്കം തുടർച്ച......

ഇതിനിടെ സംഘാടകർ വന്ന് 'വിസ' ലഭിച്ചുവെന്ന സന്തോഷ വാർത്ത അറിയിച്ചു. പിന്നെ 16 പേർ അടങ്ങുന്ന ഞങ്ങളുടെ സംഘവും 15 പേരടങ്ങുന്ന തമിഴ്നാട് സംഘവും ഒന്നിച്ച് ഒരു ടീമായി. രണ്ടുകൂട്ടരും 'ടച്ച് കൈലാസ്' ന്റെ ഭാഗമാണല്ലോ. അങ്ങനെ ഞങ്ങൾ 31 പേരടങ്ങുന്ന ഒരു സംഘമായിത്തീർന്നു. രണ്ടരമണിയോടെ ചെക്കിംഗ് പൂർത്തിയാക്കി ഞങ്ങൾ നേപ്പാൾ അതിർത്തി കടന്നു, ടിബറ്റിന്റെ മണ്ണിലെത്തി. 'ദലൈലാമയുടെ മണ്ണ്, ബൗദ്ധ മണ്ണ്' എന്നെല്ലാം മനസ്സ് മന്ത്രിച്ചു. 'ദലൈലാമ', 'ബൗദ്ധ മണ്ണ്' എന്നെല്ലാം ഉറക്കെ ശബ്ദിയ്ക്കാൻ പാടില്ല. ടിബറ്റ് എന്നേ ചൈനയുടെ സ്വകാര്യസ്വത്തായിക്കഴിഞ്ഞു. മസിൽ പവർ കൊണ്ടും മണി പവർ കൊണ്ടും അവർ ടിബറ്റ് കൈവശപ്പെടുത്തിക്കഴിഞ്ഞു. ദൈലൈലാമ ചൈനയുടെ കണ്ണിലെ കരടാണ്. ആ ബുദ്ധസന്യാസിയ്ക്ക് അഭയം നൽകുന്ന ഭാരതവും ചൈനക്കാർക്ക് ശത്രു. ചെക്ക് പോസ്റ്റിനടുത്തുനിന്നു ഒരു ഫോട്ടോ എടുക്കാൻ പോലും അനുവാദമില്ല.
കെയ്റോങ്ങിലേക്കുള്ള യാത്രയ്ക്കായി ഞങ്ങൾ ബസ് കയറി.മനോഹരമായ പ്രകൃതിദൃശ്യങ്ങൾ കണ്ട് യാത്ര ചെയ്തു. കടുകും നെല്ലും കൃഷിചെയ്തിട്ടുള്ള പ്രദേശങ്ങളിലൂടെയുള്ള യാത്ര. പച്ചയും മഞ്ഞയും ഇടകലർന്ന കൃഷിയിടങ്ങൾ കാണാൻ നല്ല ഭംഗി. യാത്ര അധികമെത്തുന്നതിനു മുൻപുതന്നെ അടുത്ത ചെക്കിംഗ് ! 'ടച്ച് കൈലാസിന്റെ' ക്യാപ്റ്റൻ പറഞ്ഞു; ഇനി മുട്ടിന് മുട്ടിന് ചെക്കിംഗ് ഉണ്ടാവും.
ഒരു ദീർഘ യാത്രയ്ക്ക് ശേഷം കെയ്റോങ് എന്ന സ്ഥലത്തെത്തി. വൃത്തിയും സൗന്ദര്യവും ഉള്ള ഒരു ചെറിയ പട്ടണം. എല്ലാ സഞ്ചാരികൾക്കും ഈ പട്ടണം പ്രിയപ്പെട്ടതാണ്! യാത്രാക്ഷീണത്തോടൊപ്പം അതികഠിനമായ തണുപ്പും കൂടിയായപ്പോൾ വല്ലാത്ത ബുദ്ധിമുട്ട് അനുഭവപ്പെട്ടു. രാത്രി 8 മണിയ്ക്ക് ഭക്ഷണം കഴിയ്ക്കുവാൻ പുറത്തിറങ്ങിയപ്പോഴും സൂര്യൻ അസ്തമിച്ചിട്ടില്ല. പകൽ വെളിച്ചത്തിൽ കെയ്റോങിന്റെ സൗന്ദര്യം ആസ്വദിച്ച് അന്നങ്ങിനെ കഴിഞ്ഞുകൂടി. അടുത്ത ദിവസം കെയ്റോങ്ങിനോട് യാത്ര പറയുമ്പോൾ ഒരു ആഗ്രഹം തോന്നി. ഒരിയ്ക്കൽ കൂടി ഈ സുന്ദരമായ പട്ടണം കണ്ടാസ്വദിയ്ക്കുവാൻ അവസരമുണ്ടാവണം. 'സാഗ'യെ ലക്ഷ്യമാക്കിയായിരുന്നു പിന്നീടുള്ള യാത്ര. ഉയരങ്ങളിലേക്കുള്ള യാത്ര. അതിമനോഹരമായ പാത. പാതയ്ക്കിരുവശവും മലകൾ. സസ്യലതാദികളൊന്നുമില്ലെങ്കിലും മഞ്ഞുമലകളും നീലവാനവും പഞ്ഞിക്കെട്ടുകൾ പോലെയുള്ള മേഘക്കൂട്ടങ്ങളും ചേർന്ന് നൽകിയ ദൃശ്യ വിരുന്ന് അവിസ്മരണീയം എന്ന് മാത്രം പറയാം.
വാഹനങ്ങൾ പല മലയാള ലിപികളും എഴുതിയെഴുതി മുകളിലേയ്ക്കു കയറിക്കൊണ്ടിരുന്നു. ഒരൽപം പോലും മനം മടുപ്പുണ്ടാവാതെ പ്രകൃതിഭംഗി ഞങ്ങ

പരിസ്ഥിതി –
നമുക്കെന്തുചെയ്യാം

# ചരമഗീതം പാടാൻ വരട്ടെ

മുരളീധരൻ വി., (949 550 4602)
വെളുത്തമേശ്ശേരി ഇല്ലം, കൊരട്ടി

ദൈവത്തിന്റെ സ്വന്തം നാട്ടിൽ ഉത്തരം വരെ പ്രളയജലമെത്തി വർഷമൊന്നു തികയുന്നതിനു മുന്നേ, കത്തിക്കരിയുന്ന ചൂടിൽ ഈയാംപാറ്റകൾ പോലെ നൂറുകണക്കിനു മനുഷ്യർ പൊള്ളി, ബോധമറ്റ്, അതിൽ കുറച്ചുപേരെങ്കിലും മരിച്ചു വീഴുന്ന വാർത്തകൾക്കിടയിലിരുന്നാണ് ഈ കുറിപ്പെഴുതുന്നത്. പരിസ്ഥിതി എന്ന വാക്കിന് പണ്ടത്തേക്കാൾ കൂടുതൽ വില ഇന്നുണ്ട്. ആളുകൾ ചെറുതായെങ്കിലും ശ്രദ്ധിക്കുന്നെങ്കിലുമുണ്ട്. അതിനുകാരണം മറ്റൊന്നുമല്ല അത് നമ്മുടെ ജീവിതത്തെ നേരിട്ടു ബാധിച്ചു തുടങ്ങി എന്ന തിരിച്ചറിവുതന്നെ. എങ്കിലും പരിസ്ഥിതിക്ക് വിനാശകരമാവാത്ത രീതിയിൽ ജീവിക്കാൻ നാമിനിയും തയ്യാറായിട്ടില്ല. എന്തായാലും ഭൂമിക്ക് ചരമഗീതം പാടുന്നതിനു മുൻപേ നമുക്കു ചെയ്യാൻ കഴിയുന്ന ചില ചെറിയ കാര്യങ്ങളെങ്കിലും ചെയ്യാം. പാരിസ്ഥിതിക ചിന്തകളെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ട് നമ്മുടെ മലയാള ബ്രാഹ്മണ സമാജാംഗങ്ങൾക്ക് ശാഖാ പ്രവർത്തനങ്ങളെ നവീകരിക്കുന്നതിനുള്ള ചില എളിയ ചിന്തകളാണ് താഴെ കൊടുത്തിട്ടുള്ളത്. ഇതിൽ പലതും കൊരട്ടി ശാഖയിൽ തുടങ്ങിവെച്ചവയാണ്. വ്യക്തിയിൽ നിന്നും സംഘടനയിലേക്കു വരുമ്പോൾ അതിന് വലിയ മാനങ്ങളും ശക്തിയും കൈവരുന്നു. നമ്മൾ ഒരുമിച്ചുകൂടുമ്പോഴുണ്ടാകുന്ന ശക്തി വളരെ ഉപകാരപ്രദമായ രീതിയിൽ (നമുക്കും നമ്മുടെ ചുറ്റുമുള്ള സമൂഹത്തിനും വേണ്ടി) വിനിയോഗിക്കാൻ സാധിക്കും. നമ്മൾ പാഴാക്കിക്കളയുന്നത് നമുക്കോരോരുത്തർക്കുമുള്ള വിലയേറിയ കഴിവുകളാണ്. നമ്മുടെ കഴിവുകൾ പൊതു നന്മക്കായി പരസ്പരം ഷെയർ ചെയ്യുമ്പോഴാണ് നമ്മുടെ ജീവിതത്തിന് കൂടുതൽ അർത്ഥമുണ്ടാവുന്നത്.

1) പ്രതിമാസ മീറ്റിങ്ങുകൾ, വാർഷികങ്ങൾ, ആഘോഷങ്ങൾ ഇതെല്ലാം കൃത്യസമയത്തുതന്നെ തുടങ്ങുക. സമയകൃത്യത ഉ ണ്ട് എന്നത് നമുക്ക് ആ സംഭവത്തോടുള്ള ആത്മാർത്ഥത അല്ലെങ്കിൽ അടുപ്പമാണ് തെളിയിക്കുന്നത് (എല്ലാവർക്കും എല്ലായ്പോഴും അതിനൊന്നും കഴിഞ്ഞേക്കില്ല എന്നുള്ള മുട്ടുന്യായമായിരിക്കും പറയാനുള്ളത്. ആറരക്കു തുടങ്ങുന്ന സിനിമ കാണാൻ എന്നെങ്കിലും ഏഴുമണിക്കോ ഏഴരക്കോ പോയിട്ടുണ്ടോ?!).

2) നമ്മുടെ ഡിസ്പോസബിൾ സംസ്കാരം നമ്മൾ ഉപേക്ഷിക്കണം. നമുക്കിനിയും ഭൂമിക്കും സമൂഹത്തിനും ചുറ്റുമുള്ള പ്രകൃതിക്കും ദോഷമില്ലാത്ത കാര്യങ്ങൾ ചെയ്യാൻ കഴിയും. ഡിസ്പോസബിൾ ഗ്ലാസുകളും പ്ലേറ്റുകളും കർശനമായും നമ്മുടെ മീറ്റിങ്ങുകളിൽനിന്നും ആഘോഷങ്ങളിൽനിന്നും ഒഴിവാക്കണം. സമാജത്തിന്റെ ഫണ്ടിൽ നിന്നും സ്റ്റീൽ ഗ്ലാസ്സുകളും പ്ലേറ്റുകളും വാങ്ങാം (ആർക്കെങ്കിലും സ്പോൺസർ ചെയ്യുകയുമാവാം). മാത്രമല്ല, ഇത് കൃത്യമായി എല്ലാ മീറ്റിങ്ങുകളിലും ഉപയോഗിക്കുകയാണെങ്കിൽ ഈ പ്ലേറ്റുകളുടെയും ഗ്ലാസ്സുകളുടെയും എണ്ണം കൂട്ടി നമ്മുടെ ഭവനങ്ങളിൽ നടക്കുന്ന മറ്റെല്ലാ ചടങ്ങുകൾക്കും ഉപയോഗിക്കാൻ നൽകാനും കഴിയും (വേണമെങ്കിൽ തുച്ഛമായ വാടക ഈടാക്കുകയും ചെയ്യാം). സമാജത്തിന്റെ എല്ലാ ശാഖകളിലും ഈ ആശയം നടപ്പിലാക്കിയാൽ നമ്മൾ വർഷാവർഷം ഒഴിവാക്കുന്നത് പതിനായിരക്കണക്കിന് പ്ലേറ്റുകളും ഗ്ലാസ്സുകളുമായിരിക്കും. നമ്മൾ ജീവിക്കുന്ന ഭൂമിയോട് ഇത്രയെങ്കിലും കരുണ ചെയ്യാൻ നാം ബാധ്യസ്ഥരാണ്. ശാഖയുടെ പരിപാടികൾക്കും മത്സരങ്ങൾക്കും മറ്റും പ്ലാസ്റ്റിക്കിന്റെ ട്രോഫികൾ ഇഷ്ടം പോലെ വിതരണം ചെയ്യുന്ന ഒരു രീതി ശാഖകൾ തുടങ്ങിയിട്ടുണ്ട്. അതിനുപകരം പ്രയോജനമുള്ള പുസ്തകങ്ങളോ വൃക്ഷത്തൈകളോ നൽകുക. ഇക്കാര്യത്തിൽ വ്യക്തമായൊരു മാർഗ്ഗനിർദ്ദേശം കേന്ദ്രം ശാഖാഭാരവാഹികൾക്ക് നൽകുന്നത് നന്നായിരിക്കും

---

തുടർച്ച....

ളെ പരിലാളിച്ചുകൊണ്ടേയിരുന്നു. കൈലാസനാഥന്റെ സന്നിധാനത്തിലേക്കുള്ള യാത്രയുടെ സൗന്ദര്യം മറ്റൊരു തീർത്ഥയാത്രയിലും വിനോദയാത്രയിലും ഉണ്ടാവില്ലെന്ന് അനുഭവസ്ഥർ പറയാതിരിയ്ക്കില്ല. ലിംഗാഷ്ടകം, ശിവസഹസ്രനാമം, നിർവാണഷട്കം തുടങ്ങി ശിവസ്തോത്രങ്ങൾ എല്ലാവരും ഉരുവിട്ടുകൊണ്ടിരുന്നു. ഉയരങ്ങളിൽ നിന്ന് ഉയരങ്ങളിലേക്ക് വാഹനം സഞ്ചരിയ്ക്കുന്നു. പഞ്ചാക്ഷരീ മന്ത്രം ആപാദചൂഡം സിരകളിലൂടെയും സഞ്ചരിച്ചു. ശിവോഹം ശിവോഹം ...

എഴുന്നൂറോളം കിലോമീറ്റർ ബസ് യാത്രയുണ്ട്. ആകാശസമുദ്രത്തിലേക്കുള്ള ബസ് യാത്ര. സാഗയോടടുക്കുമ്പോൾ കൈലാസത്തിനടുത്തുനിന്നു പുറപ്പെടുന്ന ബ്രഹ്മപുത്രാനദി കാണാം. ബ്രഹ്മപുത്രയ്ക്കു മുകളിലുള്ള പാലത്തിലൂടെയുള്ള സഞ്ചാരവും ഒരു നല്ല അനുഭവം തന്നെ. രാത്രി 10 മണിയോടടുത്തു. കഠിനമായ തണുപ്പ്, സമുദ്രനിരപ്പിൽ നിന്ന് 15223 അടി ഉയരത്തിൽ ബസ് എത്തിയിരിയ്ക്കുന്നു. 'അക്യൂട്ട് മൗണ്ടെൻ സിക്ക്നെസ്സ്' മൂലം പലർക്കും തലവേദന അനുഭവപ്പെട്ടു. തണുപ്പിനെ അതിജീവിയ്ക്കാൻ കമ്പിളി മതിയാകാതായി. എന്നാൽ നീലാകാശത്തിന്റെ ക്യാൻവാസിൽ തെളിഞ്ഞ അതിമനോഹരമായ പർവത ദൃശ്യങ്ങൾ. മാനസസരസ്സിന് സമീപത്ത് ഉയർന്നു നിൽക്കുന്ന സുന്ദരപർവ്വതങ്ങളാണവ.സരോവരത്തിലേയ്ക്ക് തിരിയും മുമ്പ് ഒരു വ്യൂ പോയിന്റിൽ വണ്ടി നിറുത്തി. ഈ സ്ഥലത്തുനിന്ന് നമുക്ക് കൈലാസത്തിന്റെ ആദ്യ ദർശനം ലഭിയ്ക്കും. അതെ അങ്ങ് ദൂരെ ആ വെള്ളിശിലാ ദർശനം നമ്മുടെ എല്ലാ ക്ഷീണങ്ങളും മാറ്റിത്തരുന്നു. '

'ശ്രീ കൈലാസം, ശ്രീ കൈലാസം ' എല്ലാവരും അത്യാഹ്ലാദപൂർവം ഉറക്കെ വിളിച്ചു. കൈലാസനാഥ, കൈലാസനാഥ... വിവരിയ്ക്കാനാവാത്ത ഒരു മാനസികാവസ്ഥ. പരസ്പരം എല്ലാവരും പറഞ്ഞു; അതാ അവിടെയാണ് കൈലാസനാഥൻ

തുടരും



സ്നേഹിയ്ക്കായുണ്ണി നീ നിന്നെ
ദ്വേഷിയ്ക്കുന്ന ജനത്തെയും

3) പ്രതിമാസ മീറ്റിങ്ങിന്റെ അജണ്ടയിൽ പ്രാർത്ഥനക്കും സ്വാഗതത്തിനും ശേഷം ഒരു തൈ നടുക എന്നൊരു പുണ്യം ഉൾപ്പെടുത്തുക.

4) തുണി സഞ്ചികൾ ഉണ്ടാക്കുന്നതിനെക്കുറിച്ച് സജീവമായി ആലോചിക്കണം. തയ്യൽ മെഷിൻ ഉള്ളവർ, തയ്ക്കാൻ അൽപ്പം സമയം ലഭിക്കുന്നവർ മുന്നിട്ടിറങ്ങണം. എല്ലാ വീടുകളിലും അലമാരകൾ നിറയെ സൂക്ഷിച്ചു വച്ചിട്ടുള്ള സാരികളും മുണ്ടുകളും ഇതിലേക്കായി സംഭാവന ചെയ്യണം.

5) പ്ലാസ്റ്റിക്കിനെക്കുറിച്ച് എത്ര പറഞ്ഞാലും തീരാത്തത്രയുണ്ട്. വീണ്ടും വീണ്ടും പറയാനുള്ളത് പ്ലാസ്റ്റിക് ചൂടാക്കരുത് എന്നാണ്. പ്ലാസ്റ്റിക് പാത്രങ്ങളിൽ ചൂടുള്ള ഭക്ഷ്യപേയങ്ങൾ എടുക്കരുത്. പാലിന്റെ കവറോടെ ചൂടുവെള്ളത്തിലോ സമോറിന്റെ മുകളിലോ വെച്ച് ചൂടാക്കരുത്. ചുക്കുവെള്ളമോ ചൂടുള്ള വെള്ളമോ ഒരിക്കലും പ്ലാസ്റ്റിക്കിന്റെ ജഗ്ഗുകളിൽ നിറക്കരുത്. കടകളിൽ നിന്നും പരമാവധി പ്ലാസ്റ്റിക് കവറുകൾ നിങ്ങളുടെ വീട്ടിൽ വരാതെ നോക്കണം. വന്നവയൊക്കെ പരമാവധി ഉപയോഗിച്ച് ഇനിയൊരു രക്ഷയുമില്ല എന്നാവുന്നതുവരെ ഉപേക്ഷിക്കാതിരിക്കുക. മണ്ണിലേക്കു വലിച്ചെറിയാതിരിക്കുക. പരമാവധി ആക്രിക്കാർക്ക് റീസൈക്കിൾ ചെയ്യാനായി നൽകുക. പുറത്തു പോകുമ്പോൾ പരമാവധി കുപ്പിവെള്ളം വാങ്ങാതെ വീട്ടിൽ നിന്നും വെള്ളം കയ്യിൽ കരുതുക. പേപ്പർ പ്ലേറ്റെന്നും പേപ്പർ ഗ്ലാസ്സെന്നും പറഞ്ഞു വരുന്നവയിലുള്ള കോട്ടിങ്ങ് അപകടകാരിയാണ്. ചൂടുള്ള വസ്തുക്കൾ അതിലെടുക്കുന്നത് സുരക്ഷിതമല്ല. ഇതിനെല്ലാത്തിനുമുള്ള പ്രതിവിധിയാണ് നമ്മൾ സ്റ്റീലിന്റെ ഗ്ലാസ്സുകളും പ്ലേറ്റുകളും ഉപയോഗിക്കുക എന്നുള്ളത്.

6) മീറ്റിങ്ങുകളിൽ അക്കാദമിക തലത്തിലുള്ള ക്ലാസ്സുകൾ എല്ലാ മാസവും ഉൾപ്പെടുത്തണം.. നിരവധി മേഖലകളിൽ നിപുണരായവർ നമുക്കിടയിൽത്തന്നെയുണ്ട്. എല്ലാ മാസവും ഇവരിലാരുടെയെങ്കിലും അര മണിക്കൂർ ക്ലാസ് എങ്കിലും നിർബ്ബന്ധമായും വേണം. അവരുടെയൊക്കെ അറിവും പരിചയവും നമുക്ക് ഉപയോഗപ്പെടുത്താൻ യാതൊരു ചെലവുമില്ലെന്നു മാത്രമല്ല ഇവരെല്ലാവരും സസന്തോഷം ഇങ്ങനെയൊരു കാര്യം ചെയ്യാൻ തയ്യാറാവുകയും ചെയ്യും.

7) ഓരോ ശാഖയിലും ഒരു ലൈബ്രറി നിർബ്ബന്ധമായും ഉണ്ടാക്കേണ്ടതാണ്. എല്ലാ മാസവും എല്ലാ കുടുംബങ്ങളിലേക്കും ഓരോ പുസ്തകം നിർബ്ബന്ധമായി കൊടുത്തയക്കുക. അവിടെയുള്ള ആരെങ്കിലും ഒരാളെങ്കിലും വായിച്ചാലും മതി ഈ പദ്ധതിയുടെ വിജയത്തിന്. വായനാശീലം വളർത്തുന്നത് എല്ലാവർക്കും എക്കാലത്തും ഗുണമുള്ളതാണ്. അറിവു വർദ്ധിപ്പിക്കുക എന്നതു മാത്രമല്ല വായനയുടെ ഗുണം, വായന മനുഷ്യനെ കൂടുതൽ റിഫൈൻഡ് ആക്കുന്നു. ലൈബ്രറി പുസ്തകങ്ങൾ കൊണ്ടുപോകുന്നവരിൽ നിന്ന് രണ്ടുപേരെങ്കിലും വായിച്ച പുസ്തകത്തെ ചുരുങ്ങിയ വാക്കുകളിൽ എല്ലാവർക്കുമായി പരിചയപ്പെടുത്തണം. വിദ്യാർത്ഥികളെയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

8) സ്ത്രീകൾക്ക് ദിവസവും കുറച്ച് അധികസമയം ഉണ്ടാക്കാൻ കഴിയുമെന്നതിന് യാതൊരു സംശയവുമില്ല. വനിതാ സമാജത്തിന് ഒരുപാട് പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയും. ഒരൊറ്റ ചെറിയ ഉദാഹരണം പറയാം. മീറ്റിങ്ങിനു വരുമ്പോൾ കുറച്ച് എള്ളുണ്ടയുണ്ടാക്കി, ചെറിയ പാക്കറ്റുകളിലാക്കി, കുറച്ചു മാർജ്ജിനുമിട്ട് കൊണ്ടുവന്നാൽ മീറ്റിങ്ങിനു വരുന്നവരെല്ലാവരും തന്നെ അതു വാങ്ങുമെന്ന് ഉറപ്പാണ്. ഇതുപോലെ തന്നെ സാമ്പാർപൊടി, നാരങ്ങാക്കറി, ഉപ്പേരികൾ, ചമ്മന്തിപ്പൊടി, ദോശപ്പൊടി ഇവയൊക്കെ ഉണ്ടാക്കി കൊണ്ടുവരാവുന്നതാണ്. ഇതൊക്കെ മിക്ക വീടുകളിലും സ്ഥിരമായി ഉപയോഗിക്കുന്നതാണ്. നമ്മുടെ കൂട്ടത്തിൽത്തന്നെയുള്ള ഒരാൾ ഉണ്ടാക്കുന്നതാണെങ്കിൽ നമ്മൾ അതു പരിഗണിച്ചതിനുശേഷം മാത്രമേ മറ്റു ബ്രാൻഡുകൾ തേടിപ്പോകൂ (പോകാവൂ). ഏറ്റവും ചെറിയ രീതിയിലുള്ളതാണ് ഞാനിപ്പോൾ പറഞ്ഞത്. ഇതിന്റെ വിപുലമായ പദ്ധതികൾ പോലും ആവിഷ്കരിക്കാനുള്ള സ്ത്രീകളുടെ മാൻപവർ ഇപ്പോൾ നമുക്കുണ്ട്.

9) യൂത്തിന്റെ പ്രവർത്തനങ്ങളെയാണ് എല്ലാ ശാഖകളിലും ഫോക്കസ് ചെയ്യേണ്ടത്. എന്തെല്ലാം കാര്യങ്ങളാണ് ചെറുപ്പക്കാർക്ക് ചെയ്യാനായി ഇവിടെയുള്ളത്. ഏറ്റവും മുൻനിരയിലുണ്ടാവേണ്ടവർ, മുതിർന്നവരുടെ ആലസ്യത്തിന് മറുമരുന്നാവേണ്ടവർ, അവരെ ഉറക്കത്തിൽ നിന്നും തട്ടിയുണർത്തേണ്ടവർ. എന്നും എക്കാലത്തും ചെറുപ്പക്കാരാണ് പ്രതീക്ഷ. ശാഖയുടെ ഏറ്റവും പ്രധാന കർമ്മ പദ്ധതികളെല്ലാം ഏറ്റെടുത്ത് മുന്നിൽനിന്നു നയിക്കേണ്ടത് യുവാക്കളാണ്. ഒരു വാർഷിക കർമ്മ പദ്ധതി ആസൂത്രണം ചെയ്ത്, കൃത്യമായി ഓരോ മാസവും എന്തെല്ലാം ചെയ്യണമെന്ന രൂപരേഖയുണ്ടാക്കി അതിനനുസരിച്ച് പ്രവർത്തിക്കുക.

10) ഹവിസ്സ് സജീവമാക്കണം. സാമ്പത്തികമായി സഹായം വേണ്ടവർക്ക് അത് നൽകുക എന്നത് നമ്മുടെയെല്ലാവരുടെയും കടമയാണ്, ഉത്തരവാദിത്തമാണ് (വളരെ തുറന്ന മനസ്സോടെ വേണം ഇത് ചെയ്യാൻ. തിരിച്ച് യാതൊന്നും പ്രതീക്ഷിക്കരുത്). ഒന്നിലോ ഹവിസ്സിൽ കൂടുതൽ ആളുകൾ കൂടുതൽ സജീവമായി പങ്കാളികളാവുക അല്ലെങ്കിൽ സമാനമായ പദ്ധതികൾ നമുക്കിടയിൽ ആവിഷ്കരിച്ച് വിജയിപ്പിക്കുക. നമ്മുടെ സഹജീവികളോട് കൂടുതൽ കരുണയുള്ളവരായിരിക്കാൻ നമ്മൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നാളെയുടെ ലോകം നിങ്ങൾക്കും എനിക്കും തീർത്തും പ്രവചനാതീതമാണ്. പലപ്പോഴും നമുക്ക് പകച്ചു നിൽക്കേണ്ടി വരും. അപ്പോൾ ഒരു കൈത്താങ്ങായി കൂടെയുണ്ടാവുകയാണെങ്കിൽ അതിലും വലിയ പുണ്യം, എത്ര പവൻ ഏതു നടയിൽ അർച്ചിച്ചാലും ലഭിക്കില്ല.

11) പ്രതിമാസ മീറ്റിങ്ങിൽ കുറച്ചു സമയം സമാജവുമായി അല്ലെങ്കിൽ അതിലെ അംഗങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യണം. വിഷയം അപ്പോൾ തീരുമാനിക്കുന്നതാകാം, മുൻകൂട്ടി തീരുമാനിക്കുന്നതുമാകാം. നമ്മുടെ പ്രതിമാസ മീറ്റിങ്ങുകൾക്ക് പുതിയ മാനം ലഭിക്കുന്നത് ഇത്തരം ചർച്ചകളിലൂടെയൊക്കെയാകാം. അന്താരാഷ്ട്ര കാര്യങ്ങളല്ല, മറിച്ച് സമാജാംഗങ്ങളുമായി നേരിട്ടു ബന്ധപ്പെടുന്ന വിഷയങ്ങളായിരിക്കണം ചർച്ചയിൽ വരേണ്ടത് (ഉദാഹരണത്തിന് വിദ്യാർത്ഥികൾ ടിവി ഉപയോഗിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണമേർപ്പെടുത്തേണ്ടതുണ്ടോ?)

കരുതായ്ക കരസ്ഥമാക്കുവാ
നെരിയുംജ്വാലയെ, യിന്ധനം വിനാ

12) ഓരോ പ്രതിമാസ പരിപാടിയിലും സർഗ്ഗാത്മകമായ എന്തെങ്കിലും ഒരു പരിപാടി ഉണ്ടാവണം. ഒരാളെങ്കിലും പാടണം, പാട്ടറിയാത്തവർ പറയണം, കഥ പറയുക, അനുഭവങ്ങൾ പങ്കുവെക്കുക, മിമിക്രി കാണിക്കുക, ഒരു സിനിമാപ്പാട്ടിന്റെ രണ്ടുവരിയെങ്കിലും മൂളുക, ഒരു യാത്ര പോയതിന്റെ അനുഭവം വിവരിക്കുക, ജീവിതത്തിലുണ്ടായ ഏറ്റവും വലിയ പ്രതിസന്ധിയെക്കുറിച്ചും അതിനെയെങ്ങനെ തരണം ചെയ്തു എന്നതിനെക്കുറിച്ചും സംസാരിക്കുക, പൊടിക്കൈകൾ ഷെയർ ചെയ്യുക, ഒരാൾക്ക് എന്തെങ്കിലും ഒറ്റമൂലി അല്ലെങ്കിൽ നാട്ടുവൈദ്യം ചെയ്ത് ഒരു തലവേദന മാറിയെങ്കിൽ അതിനെക്കുറിച്ചു പറയുക, ഇതൊന്നും പറ്റാത്തവർ ചോദ്യങ്ങൾ ചോദിക്കുക, മറ്റുള്ളവർ ഉത്തരം പറയുക. നമ്മുടെ മീറ്റിങ്ങുകൾ കൂടുതൽ ലൈവ് ആവട്ടെ. ഉറപ്പായും ഇത്തരം നിരവധി കാര്യങ്ങളിലൂടെ നമ്മുടെ പ്രതിമാസ പരിപാടികൾ ഏറ്റവും ഊർജ്ജദായിനിയായി മാറും. ഓരോ മീറ്റിങ്ങും കഴിഞ്ഞ് ഓരോരുത്തരും തികഞ്ഞ സംതൃപ്തിയോടെയായിരിക്കും മടങ്ങുക. ഏതെങ്കിലും ഒരു മാസത്തെ മീറ്റിങ്ങിനുപോയില്ലെങ്കിൽ അതൊരു വലിയ നഷ്ടമായിപ്പോയി എന്ന് അംഗങ്ങൾക്കു തോന്നിത്തുടങ്ങുന്ന കാലം വിദൂരമല്ല.

13) വിദ്യാർത്ഥികളെല്ലാം കനത്ത മൗനത്തിലാണ്. അവരെക്കൊണ്ട് വാ തുറപ്പിക്കണം. നമ്മുടെ മുന്നിൽ വച്ചെങ്കിലും അവരെക്കൊണ്ട് അഞ്ചു മിനിറ്റെങ്കിലും ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് സംസാരിപ്പിക്കണം. അവരുടെ കയ്യിൽ ഒരുപാട് ആശയങ്ങളുണ്ടാകാം, അതെല്ലാം ഗംഭീരമായി ഒരുപക്ഷേ പ്രകടിപ്പിക്കാനും കഴിയും. പക്ഷേ, അവർക്കാകെയുള്ള ഒരു പ്രതിബന്ധം അതിനുള്ള വേദികൾ കിട്ടാത്തതായിരിക്കും. അപരിചിതരായ ഒരു കൂട്ടം ആളുകൾക്കു മുന്നിൽ സംസാരിക്കുന്നതിലും ആത്മവിശ്വാസത്തോടെ അവർക്ക് നമ്മുടെ മുന്നിൽ സംസാരിക്കാൻ കഴിയും. നമ്മുടെ മുന്നിൽ സംസാരിച്ചു സംസാരിച്ച് അവർ കൂടുതൽ സ്വയം ബഹുമാനമുള്ളവരായി മാറും. ആ ആത്മവിശ്വാസം അവരെ കൂടുതൽ കരുത്തരാക്കും. എല്ലാ സമാജാംഗങ്ങളും അവരുടെ കുടുംബാംഗങ്ങളെയെല്ലാവരെയും മീറ്റിങ്ങിനും പരിപാടികൾക്കും കൊണ്ടു വരണം. അതിന്റെ ഗുണം അവർക്കു കൂടി കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

14) ഇപ്പോൾ യാതൊരു പ്രവർത്തനങ്ങളിലും പങ്കെടുക്കാത്ത സമാജാംഗങ്ങളെ സജീവമാക്കി ഇതിലേക്കു തിരികെ കൊണ്ടുവരിക (തുറന്ന മനസ്സോടെ ഏവരേയും സ്വാഗതം ചെയ്യുക, വിദ്വേഷങ്ങൾക്കൊന്നും സ്ഥാനമില്ല ഇവിടെ, നല്ല നാളേക്കു വേണ്ടിയാണ്, വിട്ടുവീഴ്ചകൾ വേണ്ടിവരും, പക്ഷേ, ഗുണമുണ്ടാവും).

എല്ലാവരും നൂറു ശതമാനമൊന്നും വേണ്ട അൻപതു ശതമാനമെങ്കിലും ഒരുമിച്ച് ഒറ്റക്കെട്ടായി നിന്നാൽ നമുക്കിവിടെ വിസ്മയങ്ങൾ തീർക്കാമെന്ന് ഉറപ്പാണ്. ആ വിസ്മയങ്ങളെല്ലാം നമ്മെത്തന്നെയായിരിക്കും മാറ്റിമറിക്കാൻ പോകുന്നത്. ഇതെല്ലാം വളരെ പരന്ന ചിന്തകൾ മാത്രമാണ്. ഇക്കാര്യത്തിൽ ബൗദ്ധികമായി നമ്മെ നയിക്കാൻ കഴിയുന്ന നിരവധി പേർ ഓരോ ശാഖകളിലുമുണ്ട്. കൂടുതൽ വ്യക്തമായ പദ്ധതികൾ ഉണ്ടാക്കാനും നടപ്പിലാക്കാനും തുടർചർച്ചകളിലൂടെ ഉറപ്പായും സാധ്യമാവും. നമ്മൾ ഇതെല്ലാം ചെയ്യുന്നത് നമുക്കു വേണ്ടി മാത്രമാണ്. അനുബന്ധമായി കിട്ടുന്നതെല്ലാം അതിന്റെയൊപ്പമുള്ള ബോണസായി കണ്ടാൽ മതി. എനിക്കു പരിചയമുള്ള വിഷയങ്ങളാണ് ഞാനി വിടെ അവതരിപ്പിച്ചിരി ക്കുന്നത്. ബ്രാഹ്മണചര്യകളുമായും മറ്റും ബന്ധപ്പെട്ട പ്രവർത്തനങ്ങളും ആശയങ്ങളും അതിൽ നിപുണരായവർക്ക് അവതരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യാം. ഇതല്ലാതെ നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ ഗുണപരമാക്കുന്നതിന് നിങ്ങളിൽ പലർക്കും ഇതിനേക്കാൾ മെച്ചപ്പെട്ട ആശയങ്ങൾ പങ്കുവെക്കാനുണ്ടായേക്കാം. അവ യെല്ലാം അവതരിപ്പിച്ച് പ്രാവർത്തികമാക്കി നമുക്ക് കൂടുതൽ ക്രിയാത്മകമായ ഒരു കൂട്ടമായി മാറാം.

കൂട് എന്ന പരിസ്ഥിതി മാസികയുടെ എഡിറ്ററാണ് ലേഖകൻ

**കവിത**

# അംബാബാഷ്പം

ഓമന അന്തർജ്ജനം പൊതിയിൽ ഇല്ലം ആണ്ടൂർ

മക്കളായഞ്ചുപേരുള്ളൊരമ്മ
എങ്കിലുമഗതിയായിതീർന്നൊരമ്മ
ജീവിതരക്തത്തെയമൃതാക്കിമാറ്റിയാ
കുഞ്ഞിളം ചുണ്ടിൽ പകർന്നൊരമ്മ
അമ്മയെന്നാദ്യവിളികേട്ടനേരം
മന്നിലെ സ്വർഗ്ഗത്തെക്കണ്ടൊരമ്മ
കുഞ്ഞിക്കുറുമ്പുകൾ കാട്ടുന്ന നേരത്തു
മുത്തം കൊടുത്തു രസിച്ചോരമ്മ
പ്രാണനാം പൈതലെ മാറത്തമർത്തി
നിർവൃതി പുഷ്പങ്ങൾ ചൂടിയമ്മ
ജീവിത യാത്രതൻ മദ്ധ്യത്തിൽ ദുസ്സഹ
വൈധവ്യ ദുഃഖം സഹിച്ചോരമ്മ
യൗവനത്തിൽ കണ്ട സ്വപ്നങ്ങളെല്ലാം
വിരഹാഗ്നി തന്നിലെരിച്ചോരമ്മ
ജീവിത ദുർഘട വീഥിയിൽ തന്റെ
മക്കളെ മാറത്തു ചേർത്തൊരമ്മ
കാലഗതിക്കൊപ്പമമ്മതൻമക്കളും
കേമരായ് ത്തന്നെ വളർന്നുവല്ലോ
ജീവിയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ തേടി
അമ്മതൻ മക്കളും പോയി ദൂരെ
കൂട്ടിലെപ്പക്ഷികളൊക്കെപ്പറന്നു പോയ്
കൂടും ദ്രവിച്ചു പതിക്കുമാറായ്
സ്നേഹപ്രവാഹഗതിയെന്നുമെന്നും
താഴേയ്ക്കുതന്നെയെന്നറിവുള്ളൊരമ്മ
വാർദ്ധക്യദുഖവുമൊറ്റപ്പെടലുമായ്
തനുവും മനവും തളർന്നൊരമ്മ
ആരോടുമൊട്ടും പരിഭവമില്ലാതെ
ദുഖങ്ങളൊക്കെ സഹിച്ചുകൊണ്ട്
മെയ്യൊന്നുതാങ്ങുവാനൂന്നുവടിയുമായ്
ശരണാലയത്തിൻ കവാടമെത്തി.

# അസ്തമിയ്ക്കാറായ സൂര്യൻ

**നന്ദന അഞ്ജൻ, ഇന്ദീവരം**
XII, STCS തിരുവനന്തപുരം, ഓച്ചിറ ശാഖ

വൈകുന്നേരം അഞ്ചുമണിയായിട്ടും മീനമാസത്തിലെ ചൂടിന്റെ കാഠിന്യം കൂടുതലായിരുന്നു. പതിനൊന്നാം ക്ലാസ് കഴിഞ്ഞു പന്ത്രണ്ടാം ക്ലാസ്സിലേക്ക് കയറുന്നതിനു മുമ്പ് വീണുകിട്ടിയ ഇടവേള. എപ്പോഴും യാത്രകൾ ഇഷ്ടപ്പെടുന്ന ഒരു ചെറിയ കുടുംബമാണ് ഞങ്ങളുടേത്. വനിതാമാസികയിൽ വന്ന ലേഖനത്തിൽ നിന്നും വീണുകിട്ടിയ ഊർജ്ജം; ഞാനും അച്ഛനും അമ്മയും മാർച്ച് മാസം 17-ാം തീയതി വൈകിട്ട് നാലുമണിയോടെ തിരുവനന്തപുരത്തുനിന്ന് പുറപ്പെട്ടു. അത് നെയ്യാറ്റിൻകര ചെങ്കൽ ശിവ പാർവതി ക്ഷേത്രത്തിലേയ്ക്കായിരുന്നു. കാറിലായിരുന്നു യാത്ര. വഴി മദ്ധ്യേ കാണുന്ന സ്ഥലങ്ങളുടെ പേരുകൾ മനസ്സിലാക്കാൻ അച്ഛൻ പറഞ്ഞു. പിൻസീറ്റിലിരുന്നു സ്ഥലങ്ങളിലൂടെ കണ്ണോടിച്ചപ്പോൾ ബാലരാമപുരം, നെയ്യാറ്റിൻകര ഇവ പരിചിതമായി തോന്നി. നഗരമദ്ധ്യത്തിൽ കണ്ട ട്രാഫിക് പോലീസിനോടും ഗൂഗിൾ മാപ്പിനോടും സ്ഥലം ചോദിച്ചാണ് പോയത്.

ഉദിയൻകുളങ്ങര ജംഗ്ഷനിൽ നിന്നും വലത്തേക്ക് തിരിഞ്ഞു. ക്ഷേത്രത്തിലേക്കുള്ള സൈൻ ബോർഡും ആരോയും കണ്ടു. 2.5 KM . അച്ഛന് അടുത്ത ആശങ്ക പാർക്കിംഗ് സൗകര്യം ലഭിയ്ക്കുമോ എന്നായിരുന്നു, അത് പതിവായിരുന്നതിനാൽ എനിയ്ക്കു പ്രത്യേകിച്ച് ഒന്നും തോന്നിയില്ല.

വലിയഗോപുരവും കവാടവും കണ്ടു. സെക്യൂരിറ്റി അകത്തേയ്ക്ക് കയറ്റി. പാർക്കിംഗ് ഏരിയയിലേക്ക്; ക്ഷേത്രമുറ്റത്ത് തന്നെ ഇറങ്ങി, തിരക്ക് നന്നേ കുറവായിരുന്നു. സ്വീകരിയ്ക്കാനെന്ന പോലെ കരിങ്കല്ലിൽ തീർത്ത രണ്ടു ഗജവീരന്മാർ, അകത്തേയ്ക്ക് പ്രവേശിച്ചപ്പോൾ വഴിപാടു കൗണ്ടർ. അവിടത്തെ ഉണ്ണിയപ്പം എന്നെ വല്ലാതെ ആകർഷിച്ചു. നടകണ്ടു എനിയ്ക്കു കൗതുകം തോന്നി. ഉമയും മഹേശ്വരനും ഒരേനടയിൽ കിഴക്കോട്ടു ദർശനം. കാണിക്ക ഇട്ടു ഞാൻ തൊഴുതു. അകത്തെ ഓരോ തൂണിന്റെ ചിത്ര ഭംഗി ഞാൻ നിറയേ ആസ്വദിച്ചു. പതിവുപോലെ പ്രദക്ഷിണത്തിനായി മുന്നോട്ടു നീങ്ങിയപ്പോൾ ശിവലിംഗങ്ങൾ കണ്ടു അത്ഭുതപ്പെട്ടു.

പന്ത്രണ്ടു ജ്യോതിർലിംഗങ്ങൾ ദർശിക്കാനായതിന്റെ അനുഭൂതി! വിവരിയ്ക്കുവാൻ വാക്കുകൾ ഇല്ല. പന്ത്രണ്ടു ജ്യോതിർലിംഗങ്ങളിൽ ത്രയംബകേശ്വര ലിംഗം എന്നെ വല്ലാതെ ആകർഷിച്ചു. മൂന്നു കുഞ്ഞു ലിംഗങ്ങൾ ഒരേ പീഠത്തിൽ. ഇവകൂടാതെ ഗണപതി, മുരുകൻ നടകളിലും ദർശനം നടത്തി; അർച്ചനപ്രസാദവും വാങ്ങി വെളിയിൽ ഇറങ്ങി. പുതിയ അധ്യയന വർഷം തുടങ്ങുന്നതിനു ഉത്തേജനം ആയി.

ഇലക്ഷൻ പ്രചരണാർത്ഥം കുമ്മനം രാജശേഖരൻ ദർശനത്തിനായി അവിടെ എത്തിയത് മറ്റൊരു കാഴ്ച.

പ്രത്യേകം സജ്ജീകരിച്ച അഗ്രശാലയിൽ മുപ്പത്തിരണ്ട് ഗണപതി വിഗ്രഹങ്ങൾ ദർശിയ്ക്കാനായി. ബാലഗണപതി, ക്ഷിപ്രഗണപതി, നർത്തന ഗണപതി, വര ഗണപതി, മഹാഗണപതി, ക്ഷിപ്രപ്രസാദ ഗണപതി, ത്രിമുഖ ഗണപതി, ചതുർമുഖ ഗണപതി , സിംഹഗണപതി, യോഗ ഗണപതി...........ഇങ്ങിനെ പോകുന്നു. വലിയൊരു ഹോമകുണ്ഡവും ദർശിയ്ക്കാനായി. അതിമഹാരുദ്ര യജ്ഞം രണ്ടു തവണ നടന്ന പുണ്യസ്ഥലം.

വെളിയിൽ ഇറങ്ങി നോക്കിയപ്പോൾ ഭക്തിഭാവം മാറി; അങ്ങും ഇങ്ങും സെൽഫികൾ മാത്രം. ഒരു വലിയ ഫ്ലെക്സിൽ 111 അടി പൊക്കമുള്ള ശിവലിംഗം ലിംകാ ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സിലേയ്ക്ക് എന്ന് വായിച്ചു. രണ്ടു ത്രിശൂലങ്ങളിൽ ഒരു ഡമരു ഉറപ്പിച്ചിരിയ്ക്കുന്നു. ശിവലിംഗം കിഴക്കോട്ട് ദർശനമായി പണികഴിപ്പിച്ചിരിയ്ക്കുന്നു. അയ്യായിരം വർഷം പഴക്കമുള്ള ക്ഷേത്രം മൂന്നു വർഷങ്ങൾക്കുമുൻപ് മഹേശ്വരാനന്ദ സരസ്വതി സ്വാമികളാൽ പുതുക്കി പണിതതാണ്.

ഗ്രാമീണ ചാരുതയിൽ കൈലാസ ദർശനം സാധ്യമായതിന്റെ അനുഭൂതി! പുണ്യവും! അത്യാഹ്ളാദത്തോടെ ഞങ്ങൾ മടങ്ങി.

ഈ അനുഭവം നമ്മുടെ എം. ബി. എസ്. കുടുംബത്തോട് പങ്കുവയ്ക്കണം എന്ന് തോന്നി...












**തിരുവനന്തപുരം എം.ബി.എസ്.
ആദിവാസികൾക്കായി മാർച്ചുമാസത്തിൽ
നടത്തിയ മെഡിക്കൽ ക്യാമ്പിന്റെ ദൃശ്യങ്ങൾ**



ഭാവത്തിൻ പരകോടിയിൽ സ്വയ
മഭാവത്തിൽ സ്വഭാവം വരാം



## അന്നപ്രാശം

# ആദിത്യൻ

പള്ളിക്കര ശാഖ കാരുകുന്നത്ത് ഇല്ലത്തു വാസുദേവൻ ഇളയതിന്റെയും ഉഷാദേവിയുടെയും പൗത്രനും ദീപുവിന്റെയും ഉമയുടെയും പുത്രനുമായ ആദിത്യന്റെ ചോറൂണ് മാർച്ച് 3 ന് തൃപ്പൂണിത്തുറ ശബരി ഹാളിൽ വച്ച് നടന്നു.



## അന്നപ്രാശം

# നിരഞ്ജൻ

ഏരൂർ ചേന്നമംഗലത്തില്ലത്ത് സി.ആർ. നാരായണന്റെയും (മുൻ കേന്ദ്ര വൈസ് പ്രസിഡന്റ് MBS) പ്രസന്ന കുമാരിയുടെയും പൗത്രൻ നിരഞ്ജന്റെ (ശ്രീകാന്തിന്റെയും ലക്ഷ്മി പ്രിയയുടെയും മകൻ) അന്നപ്രാശം 24.3.19 ന് തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രത്തിൽ വച്ച് നടന്നു



## അന്നപ്രാശം

# സാത്വിക് (കുഞ്ഞുണ്ണി)

എറണാകുളം ജില്ല, പള്ളിക്കര ശാഖ, നടുവിൽപാറ ഇല്ലത്ത് എൻ.എസ്. നാരായണൻ (അശോകൻ) ഇളയതിന്റെയും പുഷ്പ നാരായണന്റേയും പൗത്രനും, അനൂപ് - രഞ്ജു ദമ്പതികളുടെ പുത്രനുമായ സാത്വിക് (കുഞ്ഞുണ്ണി) ന്റെ അന്നപ്രാശം 2019 മാർച്ച് 24 ന് (ഞായറാഴ്ച) സ്വവസതിയായ നടുവിൽപാറ ഇല്ലത്ത് വച്ച് സമംഗളം നടന്നു.



**30-ാമത് വിവാഹവാർഷികം**

10-04-2019 ന് മുപ്പതാം വിവാഹവാർഷികം ആഘോഷിച്ച പാലാ അന്തിനാട് കല്ലമ്പള്ളി ഇല്ലത്ത് **കേശവൻ നമ്പൂതിരിയും സഹധർമ്മിണി സുമംഗലി അന്തർജ്ജനവും**



**25-ാമത് വിവാഹവാർഷികം**

**ഏപ്രിൽ 3ന് 25-ാം വിവാഹവാർഷികം ആഘോഷിച്ച അന്നമനട നെന്മേനി ഇല്ലത്ത് നാരായണൻ ഇളയതും സഹധർമ്മിണി ശ്രീകല അന്തർജ്ജനവും ആശംസകൾ വിഷ്ണു, വൃന്ദ**



## 84–ാം പിറന്നാൾ
## ശ്രീദേവി അന്തർജ്ജനം

2019 ഫെബ്രുവരി 16ാം തീയ്യതി 84ാം പിറന്നാൾ ആഘോഷിച്ച കൊരട്ടി ശാഖയിലെ ചെറുവാളൂർ മൂത്തവാതപ്പിള്ളി ഇല്ലത്ത് വാസുദേവൻ ഇളയതിന്റെ ഭാര്യ ശ്രീദേവി അന്തർജ്ജനം

ആശംസകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ



## വേളി
## ധന്യ – ജയകൃഷ്ണൻ

ചെറുവട്ടൂർ ഇടപ്പള്ളി വടക്കേ ഇല്ലത്ത് ബ്രഹ്മശ്രീ നാരായണന്റേയും ശ്രീമതി രാധാമണി അന്തർജ്ജനത്തിന്റേയും പുത്രി ധന്യയും പയ്യന്നൂർ രാമക്കാട്ടില്ലത്ത് ബ്രഹ്മശ്രീ കൃഷ്ണൻ നമ്പൂതിരിയുടെയും ശ്രീമതി വിജയലക്ഷ്മി അന്തർജ്ജനത്തിന്റെയും പുത്രൻ ജയകൃഷ്ണനും തമ്മിലുള്ള വേളി 2019 ഏപ്രിൽ 20ന് പെരുമ്പാവൂർ ഇരിങ്ങോൾ ഇന്ദ്രധനുസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.



## പിറന്നാൾ
## സുദേവ് ഹരി

2019 മാർച്ച് 30ാം തീയ്യതി 12–ാം പിറന്നാൾ ആഘോഷിച്ച സുദേവ് ഹരി.

കൊരട്ടി ശാഖയിലെ മൂത്തവാതപ്പിള്ളി ഇല്ലത്ത് ഹരിയുടേയും ജയയുടേയും മകനാണ്.

ആശംസകളോടെ
അച്ഛൻ, അമ്മ, മുത്തശ്ശി, അച്ഛോള്മാർ, ശരണ്യ ചേച്ചി, അപ്പു ചേട്ടൻ, അമ്പാടി ചേട്ടൻ, ഹരിഷ് ചേട്ടൻ



## പുസ്തക പ്രകാശനം

ഡോക്ടർ കെ.യു.കെ. നമ്പൂതിരി (മുൻ ഡയറക്ടർ സിപിസിആർഎ കാസർഗോഡ് )എഡിറ്റ് ചെയ്ത' ദി കോക്കനട്ട് പാം റിസർച്ച് ആൻഡ് ഡെവലപ്മെൻറ് പെർസ്പെക്ടീവ് സ് ' എന്ന പുസ്തകം 2019 മാർച്ച് ആറാം തീയതി ചിക്കമംഗലൂരിൽ നടന്ന ഇരുപത്തിമൂന്നാമത് പ്ലാന്റേഷൻ ക്രോപ്സ് സിമ്പോസിയത്തിൽ വച്ച് പ്രകാശനം ചെയ്തു. ഡോക്ടർ നമ്പൂതിരി (ത്രൈക്കോട്ടില്ലം) എംബിഎസ് തിരുവനന്തപുരം ശാഖയുടെ വൈസ് പ്രസിഡണ്ട് ആണ്. ഈ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത് Springer - Nature ആണ്.

## ആദരാഞ്ജലികൾ



**ശ്രീധരൻ ഇളയത് .എം .എൻ**
മംഗലശ്ശേരി ഇല്ലം
എളങ്കുന്നപ്പുഴ
**പത്താം ശ്രാദ്ധദിനം**
23-04-2019



**ഭവാനി നാരായണൻ**
Chettuvatty illam
Guruvayar Sakha
(1st Death Anniversary.
29/04/2019



**ദേവകി അന്തർജ്ജനം**
**മഴുവഞ്ചേരി ഇല്ലം**
(**10 - 3 - 19** ന് വിഷ്ണു പാദം പൂകി)
മക്കൾ:**ഡോ. എം. കെ. ഉണ്ണിക്കൃഷ്ണൻ**, **ജയശ്രീ** (ചെമ്പുക്കാട്) **ശ്രീലത** (കൂവപ്പടി വലിയമംഗലം) **ശ്രീദേവി** (എയ്യാൽ തത്തമംഗലം)



**രമണി അന്തർജ്ജനം**
ആലുവ പടിഞ്ഞാറെ കടുങ്ങല്ലൂർ കറുത്തമേശേരി ഇല്ലത്ത് സേതുവിന്റെ ഭാര്യ രമണി അന്തർജ്ജനം 07 – 04 – 2019ൽ ദിവംഗതയായി



**കൃഷ്ണൻ ഇളയത്**
കൂത്താട്ടുകുളം കീഴേട്ട് ഇല്ലത്ത് കൃഷ്ണൻ ഇളയത് 11 – 04 – 2019ൽ വിഷ്ണുപാദം പൂകി.



**സി. കെ. രാജേന്ദ്രപ്രസാദ്**
പെരുമ്പാവൂർ ചെങ്ങഴശ്ശേരി ഇല്ലത്ത് സി. കെ. രാജേന്ദ്രപ്രസാദ് 14 – 04 – 2019 ൽ ദിവംഗതനായി

# പൂന്താനം– മലയാളത്തെ ഭക്തിയുടെ പൂന്തേൻ ഊട്ടിയ കവി

അമ്പിളി പി. താമരശ്ശേരി 984 798 9402

**മലയാളബ്രാഹ്മണസമാജം പൂന്താനദിനാഘോഷത്തോടനുബന്ധിച്ച്
അമ്പിളി പി. താമരശ്ശേരി നടത്തിയ പ്രഭാഷണത്തിന്റെ പൂർണ്ണരൂപം**

ഗഹനമായ തത്വചിന്തകളെ ഭക്തിയുടെ പൂന്തേനിലലിയിച്ച് മാധുര്യമൂറുന്ന ലളിതഭാഷയിലൂടെ മലയാളത്തിനു സമർപ്പിച്ച കവിയാണ് പൂന്താനം ജ്ഞാനപ്പാന എന്ന ഒറ്റ കാവ്യംകൊണ്ടുതന്നെ മലയാളിയുടെ ഹൃദയം കവർന്ന കവിയാണദ്ദേഹം. നമ്മുടെ മുത്തശ്ശിമാരുടെ നാവിൽ തത്തിക്കളിക്കുന്ന പ്രാർത്ഥനാ ഗാനങ്ങളിൽ മിക്കതും പൂന്താനത്തിന്റേതാണെന്ന സത്യം ഇപ്പോഴും പലർക്കും അറിയില്ല. ഇക്കഴിഞ്ഞ മാർച്ച് പത്ത് കേരളം പൂന്താനദിനമായി ആചരിച്ചു. പൂന്താനംഎന്ന് ശുദ്ധമലയാളകവി അനുസ്മരിക്കപ്പെടാൻ ആദരിക്കപ്പെടാനുംമാത്രം എന്തുസംഭാവനയാണ് മലയാളഭാഷയ്ക്കും കേരളസംസ്ക്കാരത്തിനും നൽകിയത് എന്ന അന്വേഷണം ഈ അവസരത്തിൽ തികച്ചും ഔചിത്യപൂർണ്ണമാണ്.

പൂന്താനദിനാചരണത്തിന് തുടക്കം കുറിച്ചത് ഗുരുവായൂർ ദേവസ്വമാണ്. ഗുരുവായൂരപ്പന്റെ ഏറ്റവും പ്രിയപ്പെട്ട ഭക്തനായിരുന്നു പൂന്താനം. ജ്ഞാനപ്പാനയിലെ

''കുംഭമാസത്തിലാകുന്നു നമ്മുടെ
ജന്മനക്ഷത്രമശ്വതി നാളെന്നും''

എന്ന പരാമർശത്തെ അടിസ്ഥാനമാക്കി കുംഭമാസത്തിലെ അശ്വതി നാളാണ് പൂന്താനദിനമായി ആചരിക്കുന്നത്.

16–ാം നൂറ്റാണ്ടിൽ കേരളത്തിനു ലഭിച്ച അമൂല്യമായ കവികളിൽ പ്രധാനിയാണ് പൂന്താനം. എല്ലാ പ്രാചീനകവികളുടെയും കാര്യത്തിലെന്നപോലെ പൂന്താനത്തിന്റെ കാര്യത്തിലും കൃത്യമായ കാലനിർവചനത്തിൽ സാഹിത്യചരിത്രകാരന്മാർ വ്യത്യസ്താഭിപ്രായം പുലർത്തുന്നുവെങ്കിലും നാരായണീയകർത്താവായ മേല്പത്തൂർ നാരായണഭട്ടതിരിയുടെയും തുഞ്ചത്തു രാമാനുജനെഴുത്തച്ഛന്റെയും സമകാലികനായിരുന്നതിനാൽ 16–ാം നൂറ്റാണ്ടാണ് അദ്ദേഹത്തിന്റെ ജീവിതകാലമെന്നതിനോട് എല്ലാവരും യോജിക്കുന്നു. പൂന്താനം എന്നത് ഇല്ലപ്പേരാണ്. കവിയുടെ കൃത്യമായ നാമത്തെക്കുറിച്ചും പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. മലപ്പുറം ജില്ലയിലെ അങ്ങാടിപ്പുറത്തുള്ള ഇടത്തുപുറത്ത് അമ്പലത്തിനു സമീപം പൂന്താനം ഇല്ലം സ്ഥിതിചെയ്യുന്നു. ചരിത്രപരമായ തെളിവുകളേക്കാളേറെ ഐതിഹ്യങ്ങളാണ് പൂന്താനത്തിന്റെ ജീവിതത്തിലേക്ക് വെളിച്ചം വീശുന്നത്. ആ കഥകളെല്ലാം തന്നെ ഗുരുവായൂർ ക്ഷേത്രവുമായും കൃഷ്ണഭക്തിയുമായും ബന്ധപ്പെട്ടിരിക്കുന്നു.

പൂന്താനത്തിന്റെ ഭക്തിയുമായും ഭാഷാസ്നേഹവുമായും ബന്ധപ്പെട്ട ധാരാളംകഥകൾ മലയാളികളുടെ ഇടയിൽ പ്രചാരത്തിലുണ്ട് ഭാഷാകാവ്യമായതിനാൽ തിരുത്തിതരാൻ കഴിയില്ല എന്ന് തന്റെ ഭാഷാകൃതി തിരുത്തിത്തരാനാവശ്യപ്പെട്ട പൂന്താനത്തോട് പറഞ്ഞ സംസ്കൃതാഭിമാനിയായ മേല്പത്തൂർ നാരായണ ഭട്ടതിരിയ്ക്ക് പിറ്റേന്ന് വാതരോഗം കലശലായതും പൂന്താനകാവ്യം തിരുത്തിയാലെ രോഗശമനമുണ്ടാവൂ എന്നും മേല്പത്തൂരിന്റെ വിഭക്തിയെക്കാൾ പൂന്താനത്തിന്റെ ഭക്തിയാണ് തനിക്ക് ഇഷ്ടം എന്ന് കണ്ണന്റെ അരുളപ്പാടുണ്ടായതും ഒരു കഥ ഭഗവാൻ ശ്രീകൃഷ്ണൻ മങ്ങാട്ടച്ചന്റെ വേഷത്തിലെത്തി പൂന്താനത്തെ രക്ഷിച്ചതും സമ്മാനമായി പൂന്താനം നൽകിയ മോതിരം പിറ്റേന്ന് ഗുരുവായൂരിലെ കൃഷ്ണ വിഗ്രഹത്തിൽ കണ്ടതും മറ്റൊരുകഥ. സഹസ്രനാമജപത്തിനിടെ പത്മനാഭോ മരപ്രഭു എന്നുച്ചരിച്ചുപോയ പൂന്താനത്തെ പരിഹസിച്ച മേല്പത്തൂരിനോട് മരങ്ങളുടെ പ്രഭുവും ഞാൻ തന്നെയാണ് എന്നരുളിയ കൃഷ്ണന്റെ കഥയും, പൂന്താനത്തെ ഉടലോടെ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊപോകാൻ ഭഗവാൻ തന്നെ ഇല്ലത്തെത്തിയ കഥയും ഇത്തരം അനേകം കഥകളിൽ ചിലതുമാത്രം. മലയാളികൾ ഹൃദയം കൊണ്ടറിഞ്ഞ കവിയാണ് പൂന്താനം എന്നതിനുതെളിവാണ് ഈ കഥകൾ യുക്തിയേക്കാളേറെ ഭക്തിയാണ് ആ കഥകളിൽ നിറഞ്ഞു നിൽക്കുന്നത്.

ഭാഷാപരമായും സാംസ്ക്കാരികമായും രാഷ്ട്രീയമായും അധഃപതിച്ചുകിടന്ന ഒരു സമൂഹത്തെ ഉദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ ഭാരതത്തിലാക അലയടിച്ച ഭക്തിപ്രസ്ഥാനമെന്ന കാവ്യശാഖയുടെ കേരളീയ തരംഗങ്ങളാണ് ചെറുശ്ശേരിയും എഴുത്തച്ഛനുമെന്നപോലെ പൂന്താനവും അച്ചീചരിത മലിനമായി മലീമസമായിരുന്ന കവിതാംഗനയെ ഭക്തിയിലൂടെ ധാർമ്മികതയിലേക്കുയർത്താനാണ് ഈ കവികൾ ശ്രമിച്ചത്. നാട്ടുരാജ്യങ്ങൾ തമ്മിലുള്ള നിരന്തരമായ കലഹങ്ങളാൽ അരക്ഷിതമായിരുന്ന അന്നത്തെ സാധാരണക്കാരുടെ ജീവിതത്തെ വൈദേശികാധിപത്യ ശ്രമങ്ങൾ കൂടുതൽ ദുഷ്ക്കരമാക്കി. സംസ്കൃതാധിപത്യമുള്ള മണിപ്രവാളകാവ്യശൈലിയും അച്ചീവർണ്ണനാപരമായ ഇതിവൃത്തസ്വീകരണവും കവിതാലോകത്തിന്റെ ജീർണ്ണത വെളിപ്പെടുത്തുന്നതായിരുന്നു. ഇത്തരം അധഃപതനങ്ങളിൽ നിന്നും സമൂഹത്തെയും കവിതയെയും കൈപിടിച്ചുയർത്താൻ ശ്രമിച്ച ഈ കവിതകളുടെ ആയുധം ഭക്തിയായിരുന്നു കേരളീയരായ ഭക്തകവികളിൽ അഗ്രഗണ്യനാണ് പൂന്താനം.

ജ്ഞാനപ്പാന, കുമാരഹരണം പാന, ഭാഷാകർണാമൃതം, ഘനസംഘം പാന പാർത്ഥസാരഥീസ്തവം നാരായണകീർത്തനങ്ങൾ ഗോവിന്ദകീർത്തനങ്ങൾ അഷ്ടാക്ഷരകീർത്തനം....തുടങ്ങി പൂന്താനം കൈരളിയ്ക്കു സമ്മാനിച്ച കാവ്യങ്ങൾ അനവധിയാണ് വൈവിധ്യമാർന്ന നിറവും മണവും അവയ്ക്കുണ്ടായിരുന്നെങ്കിലും ഭക്തിയുടെ മരന്ദമാണതിലെല്ലാം നിറഞ്ഞുതുളുമ്പി നിന്നത്. മണിപ്രവാള

പിന്തുണയ്ക്കെപ്പോഴും സാധു
ജന്തുവിന്നീശനില്ലയോ?

ശൈലിയിൽ രചിച്ച ഭാഷാകർണാമൃതം ഭാഗവതം ദശമസ്കന്ധത്തിന്റെ സംക്ഷേപമാണ്. ഭാഗവതോപാസകനായിരുന്ന പൂന്താനത്തിന്റെ

''മതി ചെന്നു കുമാരഹരണമാം
കഥ തന്നിൽ മുഴുകിച്ചാകയാൽ....'' രചന നടത്തിയ കൃതിയാണ് സന്താനഗോപാലം പാന. പുത്രദുഃഖത്താൽ വലഞ്ഞിരുന്ന കവിയ്ക്ക് ഈ കാവ്യ രചനയോടെ സന്താനഭാഗ്യംലഭിച്ചുവെന്ന് ഐതിഹ്യം. ആർഭാടമായി നടത്തിയ കുട്ടിയുടെ ഒന്നാം പിറന്നാൾ സമ്മാനമായി ലഭിച്ച വസ്ത്രങ്ങളുടെ അടിയിൽ പെട്ട് ആ സന്താനം അകാലചരമമടഞ്ഞതിന്റെ വേദന തത്വചിന്തയായി പരിണമിച്ചപ്പോഴാണ് ജ്ഞാനപ്പാന പിറന്നത്. ഭാവഭംഗികൊണ്ട് പൂന്താനകൃതികളിൽ അഗ്രഗണ്യമായത് ജ്ഞാനപ്പാനയാണ്. കേരളിയരുടെ ഭോഗാലസതയ്ക്കുമേൽ വീണ ചാട്ടവാറടിയായിരുന്ന ആ കാവ്യം. ഭാഷയുടെ സൗമ്യതയും ഭക്തിയുടെ മധുരവും കാരണം അത് സൗമ്യമായ തലോടലായേ ആദ്യവായനയിൽ അനുഭവപ്പെടുകയുള്ളൂ. എങ്കിലും ലളിതഭാഷയിലൊളിപ്പിച്ചുവെച്ചിരിക്കുന്ന ഗഹന തത്വങ്ങൾ ഏതൊരു വായനക്കാരനെയും ശരിയായ അവബോധത്തിലേക്ക് ഉയർത്തുകതന്നെ ചെയ്യും പൂന്താനത്തിന്റെ ഭക്തികാവ്യങ്ങൾ തത്തിക്കളിക്കാത്ത നാവുകൾ ഒരുകാലത്ത് കേരളത്തിൽ ഇല്ലായിരുന്നു എന്നുതന്നെ പറയാം

അഞ്ജന ശ്രീധര ചാരുമൂർത്തേ...
പച്ചക്കല്ലൊത്ത തിരുമേനിയും...
നരകവൈരിയാമരവിന്ദാക്ഷന്റെ...
അമ്പോടു മീനായി വേദങ്ങൾ...
നരനായിങ്ങനെ ജനിച്ചുഭൂമിയിൽ...
അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ...

തുടങ്ങിയ പൂന്താനകീർത്തനങ്ങൾക്ക് നമ്മുടെ സമൂഹത്തിലുള്ള പ്രചാരം ഇതിനുതെളിവാണ്. സാധാരണക്കാരുടെ ഹൃദയത്തിൽ പ്രവേശിക്കാൻ തെളി മലയാളത്തിനേ കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കിയ, സംസ്കൃത പണ്ഡിതനെങ്കിലും ഭാഷാപ്രേമിയായ പൂന്താനത്തിന്റെ വളരെ കുറച്ച് കൃതികളേ സംസ്കൃതവൃത്തത്തിലും മണിപ്രവാളശൈലിയിലും രചിച്ചിട്ടുള്ളൂ. തെളിമലയാളത്തിന്റെയും ഭക്തിയുടെയും ധാർമ്മികതയുടെയും ജീവിതാവബോധത്തിന്റെയും കാവ്യപൂന്തേൻ മലയാളികൾക്കുസമ്മാനിച്ച ഈ കവി എന്നും ജനഹൃദയങ്ങളിൽ നിത്യപ്രതിഷ്ഠിതനാണ്.

**ഉത്തരങ്ങൾ**

| | |
|---|---|
| 1 . പഞ്ചചാമരം | 2 .യുഗ്മകങ്ങൾ |
| 3 .കുന്നിയൂർ കുട്ടമത്ത് കുഞ്ഞുകൃഷ്ണ കുറുപ്പ് | |
| 4 . ഭുജംഗപ്രയാതം | 5 . ഭാഷാനൈഷധം ചമ്പു |
| 6 . തോട്ടം കൃഷ്ണൻ ഇളയത് | |
| 7 . ഷോഡശപ്രാസം | 8 . ശകുന്തള |
| 9 . ഛായാ ശ്ലോകങ്ങൾ | 10 .അച്ചു മൂളിക്കുക |
| 11 . മന്ദാക്രാന്ത | 12 . കല്ലൂർ വിപ്രന്മാർ |
| 13 . കീർത്തനങ്ങൾ | 14 . എട്ട് ഗണങ്ങൾ |

കവിത

# അമ്മയും കുഞ്ഞും

വി.എൻ. വാസുദേവൻ ഇളയത്,
വാളമറ്റത്തില്ലം, കോതമംഗലം 94958 00950

പാതയോരത്തെ മരത്തണലിൽ
പാതിയടഞ്ഞ മിഴികളോടെ
ക്ഷീണമകറ്റുകയാണു, തപ്ത
നിശ്വാസമൂതിപ്പറത്തിയമ്മ!
കത്തുംവെയിൽമൂത്തു മൂത്തു വന്നു
ചുട്ടുപൊള്ളിയ്ക്കുകയാണിവിടം!
ഇത്തിരിപ്പൂങ്കുളിർക്കാറ്റുപോലും
എത്താൻ മടിയ്ക്കുകയാണിവിടം!
വെന്തെരിയുന്ന മനോരഥത്തിൽ
പൊന്താനൊരുകുളിർനാമ്പുമില്ല
നെഞ്ചു കടിച്ചു പറിച്ചുകൊണ്ടു
പിഞ്ചുകരൾ പൊട്ടുമാറുറക്കെ
കരയുന്ന കൈക്കുഞ്ഞിനോടും ,തന്റെ
കശപിശ കൂട്ടും വയറിനോടും
കലഹിച്ചുകലഹിച്ചൊടുവിലമ്മ
കനിവിന്റെ സാന്ത്വനപ്പാൽ ചുരത്തി:
' എന്തിനീ ജന്മമെനിയ്ക്കുതന്നു?'
എന്ന് കരഞ്ഞു തളർന്നുറങ്ങും
തൻ കടിഞ്ഞൂൽക്കനിമേലെവീണ
കണ്ണീർമുകർന്നുകൊണ്ടമ്മ മൂളി;
'എന്തെൻ മകനേ, പറയുവാൻ? '
പണ്ടമ്മയും ചോദിച്ച ചോദ്യമാണ്.

കവിത

# എന്റെ ലോകം



കേൾക്കുന്നതോടൊപ്പം
കേൾക്കാൻ കഴിയണം
കേട്ടതിനന്തരാർത്ഥം

കാണണം
കാഴ്ചയോടൊപ്പമെൻ കൺകളിൽ
കണ്ടതിൻ കാരണങ്ങൾ

വേറാരുമല്ല ഞാൻ
സൃഷ്ടിച്ചതാണെന്റെ
ലോകവും സ്വപ്നങ്ങളും

വേർപിരിയാതെന്റെ
കൈപിടിച്ചീടണേ
വേണുഗോപാലമൂർത്തേ

സെൽ

കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം

# സമസ്യാപൂരണങ്ങൾ

സംസാരദോഷഹരദേശികമാത്മരൂപം
സച്ചിത്സുഖം പരമ മംഗള വേദസാരം
ജ്ഞാനാമൃതം ശുഭകരം പരിപൂർണദേവം
ശ്രീകൃഷ്ണപാദകമലം ശരണം സദാ മേ.

**കെ. എസ്. ഉണ്ണികൃഷ്ണൻ , കീശ്ശേരി ഇല്ലം, കൈതാരം**

ശ്രീകൃഷ്ണ നാമമുരുവിട്ടു ദിനം കഴിച്ചും
ശ്രീകൃഷ്ണ സൽക്കഥ ശ്രവിച്ചു മനം നിറച്ചും
ശ്രീകൃഷ്ണ നിൻ പദമണഞ്ഞിഹ മുക്തിനേടാൻ
ശ്രീകൃഷ്ണപാദകമലം ശരണം സദാ മേ.

**ഗിരിജാ എൻ. നമ്പൂതിരി, വടുതലായിൽ ഇല്ലം, കുടക്കച്ചിറ,**

തേരാളി ദൂതനവനീപതി ഗോപബാലൻ
പോരാളി ഗാനി കമിതാവു സഹായി മിത്രം
സ്ത്രീ രക്ഷകൻ നയവിശാരദ തത്ത്വദർശി
ശ്രീകൃഷ്ണപാദകമലം ശരണം സദാ മേ.

**ഹരികുമാർ , പാണാട്ടില്ലം, കുറിച്ചിത്താനം**

ആകൃഷ്ടനായനുദിനം സുഖഭോഗമോഹാൽ
ഉത്കൃഷ്ടജന്മമഖിലം പൊലിയാതിരിക്കാൻ
നിഷ്കൃഷ്ടകർമ്മനിരതം സുകൃതം ലഭിയ്ക്കാൻ
ശ്രീകൃഷ്ണപാദകമലം ശരണം സദാമേ !

**വാസുദേവൻ ഇളയത്, വളമാറ്റത്തില്ലം, കോതമംഗലം**

തേടേണ്ടതെവിടെയാ വരമന്ദഹാസം
ചൂടേണ്ടതെന്തിവിടെയാപരജ്ഞാനപിഞ്ഛം
ആകൃത്ത്യമോതുമാവതാര മതോർത്തിടുമ്പോൾ
ശ്രീകൃഷ്ണപാദകമലം ശരണം സദാമേ !

**രാജീവ് പി. പാണാട്ടില്ലം, ആലുവ ശാഖ**

ആകൃഷ്ടനായ് പ്രകൃതികെട്ടിയ കോട്ടതന്നിൽ
ആമഗ്നനായ് മരുവിടുന്നഴലേതുമെന്ന്യേ
ഹാ, കൃത്യ വന്നു മതിതന്നിലിടം പിടിച്ചു
ശ്രീകൃഷ്ണപാദകമലം ശരണം സദാമേ !

**കെ. കെ. കൃഷ്ണൻ നമ്പൂതിരി,**
**കല്ലംപിള്ളിൽ ഇല്ലം, അന്തീനാട്**

ശ്രീനാരസിംഹ, മവനം, പ്രഹ്ളാദനേകി
ശ്രീ വാമനാംഘ്രി , ഗതിയേകി, മഹാബലിയ്ക്കും
ശ്രീരാമപാദ, മുയിരേറ്റി, യഹല്യമേലും
ശ്രീകൃഷ്ണപാദകമലം ശരണം സദാമേ !

ടി. എൻ. എൻ. ഇളയത്, താഴൂരില്ലം, കോട്ടയം

സമസ്യാകാരന്റെ പൂരണം

വൈകാരികാർദ്രതയിൽ മാനവഹൃത്തടത്തി–
നാകാശചാരുത പകർന്നഘമാകെ നീക്കി–
ഏകാഗ്ര ഭക്തിയുടെ വേദികയിൽ സ്ഫുരിയ്ക്കും
ശ്രീകൃഷ്ണപാദകമലം ശരണം സദാമേ !

**കെ. എൻ. ബി. ശർമ്മ ,**
**കല്ലാറുവേലിൽ ഇല്ലം, കുറവിലങ്ങാട് ശാഖ**

സമസ്യാപൂരണം അയച്ച എല്ലാ കവികൾക്കും ബ്രഹ്മശ്രീയുടെ അഭിനനന്ദനങ്ങളും നന്ദിയും. പുതുമുഖങ്ങളുടെ സാന്നിദ്ധ്യവും ഈ പക്തിയിൽ പ്രതീക്ഷിച്ചുകൊണ്ട്

അടുത്ത സമസ്യ

**'വെള്ളത്തിൽ ഹാ! ലിഖിതമായതുപോലെയെല്ലാം'**

വൃത്തം: വസന്തതിലകം
ലക്ഷണം : ചൊല്ലാം വസന്ത തിലകം തഭജം ജഗംഗം
അയച്ചുകിട്ടേണ്ട അവസാന തീയതി : ജൂൺ 15
സാധാരണ തപാലിലോ ബ്രഹ്മശ്രീയുടെ
ഇമെയിൽ വിലാസത്തിലോ, ചീഫ് എഡിറ്ററുടെ
whatsapp നമ്പറിലോ അയക്കാം.

*ന ഫലദർശനാദ് ധർമ്മഃ ശങ്കിതവ്യോ ന ദേവതാഃ*
*യഷ്ടവ്യം ച പ്രയത്നേന ദാതവ്യം ചാനസൂയയാ*

*ഫലം കിട്ടുന്നില്ലെന്ന് വച്ച് ദേവതകളേയോ*
*ധർമ്മത്തേയോ സംശയിക്കരുത്.*
*യത്നപൂർവ്വം യജ്ഞങ്ങളും,*
*അസൂയാസ്പർശമില്ലാത്ത*
*ദാനങ്ങളും ചെയ്തുകൊണ്ടേ ഇരിക്കണം.*

| | |
|---|---|
| ധർമ്മവ്യാധൻ കൗശിക ബ്രാഹ്മണനോട് | *അതന്ദ്രിതഃ കുരു ക്ഷിപ്രം*<br>*മാതാപിത്രോർഹി പൂജനം*<br>*അതഃപരമഹം ധർമ്മം*<br>*നാന്യം പശ്യാമി കഞ്ചന*<br><br>മാതാപിതാക്കന്മാരെ മടി കൂടാതെ പൂജിക്കുക. അതിൽപരമൊരു ധർമ്മമുള്ളതായി ഞാൻ കാണുന്നില്ല |



## ചായയും കോളയും വെള്ളമല്ല

ദാഹിക്കുമ്പോൾ പച്ചവെള്ളം എന്നത് ഒരു നാണക്കേടായിട്ടാണ് മലയാളി കരുതുന്നത്. ചായ, കാപ്പി, കോള, എനർജി, ഡ്രിങ്ക്, ബിയർ തുടങ്ങിയവയാണ് അന്തസ്സിന്റെ പാനീയങ്ങൾ എന്ന കാശിന്റെ അഹങ്കാരമാണ് മലയാളിയെ നയിക്കുന്നത്


ഇവയൊന്നും വെള്ളമല്ലെന്നും കൂടുതൽ വെള്ളം കുടിച്ചാൽ മാത്രം കഴുകിക്കളയാനാകുന്ന അഴുക്കാണെന്നും തിരിച്ചറിയണം. ഒരു കപ്പ് ചായയിലെ ടാനിനും കഫീനും കഴുകിക്കളയാൻ എട്ടുകപ്പ് വെള്ളവും ഒരു കോളയ്ക്ക് 24 കുപ്പി വെള്ളവുമാണ് ശരീരത്തിന് രക്ഷപെടാൻ വേണ്ടത്. വെള്ളമാണെന്ന് ധാരണയിൽ കാപ്പിയും കോളയും ബിയറുമൊക്കെ കഴിക്കുന്നവരിലും ഡീ ഹൈഡ്രേഷൻ ഉണ്ടാകുകയാണ്, ഒപ്പം വിഷവൽക്കരണവും

ഡോ. ജേക്കബ് വടക്കൻചേരി പ്രകൃതി ചികിത്സകൻ



മത്സരം പരസ്പരമില്ലെങ്കിൽ മനുജന്മാ
രുത്സുകന്മാരാകുമോ നൂതനയത്നങ്ങളിൽ

## പദപ്രശ്നം 3



*പ്രശസ്ത സംഗീതസംവിധായകൻ രവീന്ദ്രൻ സംഗീതസംവിധാനം നിർവ്വഹിച്ച ചില പ്രശസ്ത ഗാനങ്ങളുടെ രാഗങ്ങളാണ് ഈ പദപ്രശ്നത്തിന്റെ ഉത്തരങ്ങൾ ഗാനശകലങ്ങൾ നോക്കി പദപ്രശ്നം പൂരിപ്പിക്കുക.*

*തയ്യാറാക്കിയത് :* **തിരുമേനി കൈതാരം**

*(ശരിയുത്തരം അയയ്ക്കുന്നവരിൽ നിന്നും നറുക്കെടുക്കന്ന ഒരാൾക്ക് അദ്ദേഹത്തിന്റെ വക സമ്മാനം ഉണ്ടായിരിക്കും.) അക്ഷരങ്ങളുടെ എണ്ണവും സിനിമയുടെ പേരും ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്നു.*

**വലത്തോട്ട്**

1. പത്തുവെളുപ്പിന് മുറ്റത്തു നിക്കണ **(3)** *(വെങ്കലം)*
3. പാതിരാമയക്കത്തിൽ പാട്ടൊന്നു **(4)** *(ഓണപ്പാട്ട്)*
7. ഗംഗേ തുടിയിൽ ഉണരും **(7)** *(വടക്കുന്നാഥൻ)*
9. കുടജാദ്രിയിൽ കുടികൊള്ളും **(3)** *(നീലക്കടമ്പ്)*
11. പുലർകാല സുന്ദര **(6)** *(ഒരു മെയ്മാസപ്പുലരിയിൽ)*
13. ആലിലത്താലിയുമായ് വരും **(5)** *(മിഴി രണ്ടിലും)*
14. നാദരൂപിണീശങ്കരീ **(4)** *(ഹിസ് ഹൈനസ് അബ്ദുള്ള)*

**താഴോട്ട്**

1. ഇത്തിരിനാണം പെണ്ണിൻ **(3)** *(തമ്മിൽ തമ്മിൽ)*
2. തമ്പുരു ശ്രുതിമീട്ടിയോ **(4)** *(സൂര്യഗായത്രി)*
4. ഗണപതി പപ്പാ മോറിയ **(5)** *(അഭിമന്യു)*
5. ചന്ദനമണിവാതിൽ **(3)** *(മരിക്കുന്നില്ല ഞാൻ)*
6. ഏഴുസ്വരങ്ങളും തഴുകി **(5)** *(ചിരിയോ ചിരി)*
8. തൂ ബഡി മാഷാ **(6)** *(ഹിസ് ഹൈനസ് അബ്ദുള്ള)*
10. ആനന്ദനടനം ആടിനാൻ **(4)** *(കമലദളം)*
12. വെണ്ണക്കൽ കൊട്ടാരവാതിൽ **(4)** *(അമ്മക്കിളിക്കൂട്)*
14. ഇന്നുമെന്റെ കണ്ണുനീരിൽ **(2)** *(യുവജനോത്സവം)*

Name..........................................................................................................................

Address......................................................................................................................

Email...........................................................................Mob:.................................................

**അയച്ചുകിട്ടേണ്ട അവസാന തീയതി ജൂൺ 15**

---

**പദപ്രശ്നം 1 :** ശരിയുത്തരം അയച്ചവരുടെ പേരുകൾ

1. **എൻ. ഗിരിജാ കേശവൻ ,** രാജ് ഭവൻ, തൃപ്പൂണിത്തുറ,
2. **ഡോ. എൻ. ഹരിശർമ,**
   പറഞ്ചിക്കാട്ട് ഇല്ലം, ആണ്ടൂർ,കോട്ടയം
3. **ശ്രീകല വി.എസ്.,**കൈലാസം, അണ്ടൂർ ശാഖ ,കോട്ടയം
4. **ഗീതാ എൻ. ഇളയത്,**
   ചാഴിയിൽ ഇല്ലം,തലയോലപ്പറമ്പ്, കോട്ടയം
5. **ഗിരിജാ എൻ. നമ്പൂതിരി,**
   വടുതലായിൽ ഇല്ലം, കുടക്കച്ചിറ, കോട്ടയം
6. **മനോജ്കുമാർ പി .എൻ,** പുതുശ്ശേരി ഇല്ലം , കുമ്മണ്ണൂർ
7. **ദേവനാരായണൻ സി.യു** മല്ലിശ്ശേരി ഇല്ലം , ഗുരുവായൂർ
8. **രമ്യ എൻ . ശർമ ,** വല്ലാഴത്തില്ലം, വൈക്കം
9. **കെ.എസ്.ദാമോദര ശർമ്മ,**കൈനിക്കര ഇല്ലം, വൈക്കം
10. **പി. എൻ. രമാദേവി അന്തർജനം,**
    തോട്ടത്തിൽ ഇല്ലം,ഏഴാച്ചേരി
11. **പ്രസീത പരമേശ്വരൻ,** കൈലാസ് ഭവൻ, കുടക്കച്ചിറ
12. **ഹരികൃഷ്ണൻ**
    കരിക്കാട്ടിൽ ഇല്ലം, മുട്ടത്തിപ്പറമ്പ്, ചേർത്തല
13. **ഗിരിജ ദേവി എസ്.**
    കരിക്കാട്ടിൽ ഇല്ലം, മുട്ടത്തിപ്പറമ്പ്, ചേർത്തല

**ശരിയുത്തരം അയച്ച എല്ലാവർക്കും ബ്രഹ്മശ്രീയുടെ അഭിനന്ദനങ്ങൾ.**

**പദപ്രശ്നം 2 : ശരിയുത്തരം**

| | | | | | | |
|---|---|---|---|---|---|---|
| 1 അ | 2 മൃ | ത | 3 വ | ർ | ഷി | ണി |
| മ | ത | | യ്യാ | 4 ക | 5 ദ | ളി |
| 6 ര | സ | ന | 7 വേ | ളി | ക്ഷി | 8 പ |
| കോ | ഞ്ജീ | | ലി | പ്പാ | ണ | രി |
| ശം | 9 വ | രാ | ഹാ | വ | താ | രം |
| 10 വ്യാ | 11 നി | ത്യ | ക | ർ | മ്മം | ഭ |
| 12 ജ | നാ | യ | ത്ത | ഭ | ര | ണം |



കട്ടിലുകണ്ടു പനിച്ചാൽ കണക്കല്ല
കിട്ടുമെന്നാകിലേ മോഹം തുടങ്ങാവൂ

# വേളിയാലോചന

### സ്ത്രീജാതകം

| | | | |
|---|---|---|---|
| ശി | | | ച |
| ശു മ | ഗ്രഹനില സ്ത്രീ ജാതകം | | |
| ര കു | | | |
| ബു ഗു മാ | ല | | സ |

**സ്ത്രീജാതകം**
**ജനനം: 1996 ഫെബ്രു. 2 , 2.56 AM**
**നക്ഷത്രം:** തിരുവാതിര
**ശിഷ്ടദശ: രാഹു 2-5-12**
Education-: Msc. Chemistry, DCA
**ഉയരം: 156 cm**
Mob-: 96336 32408
73564 26315

> ദമയന്തിയോട് നളൻ
>
> ന്നാസ്തി ഭാര്യാ സമം മിത്രം
> നരസ്യാർത്തസ്യ ഭേഷജം
>
> അസ്വസ്ഥനായ മനുഷ്യന്
> ഭാര്യയ്ക്ക് തുല്യം
> സുഹൃത്തോ ഔഷധമോ ഇല്ല

### പുരുഷജാതകം

| | | | |
|---|---|---|---|
| | ബു | ര | ശു ശി |
| ല | പുരുഷ ജാതകം ഗ്രഹനില | | ഗു കു |
| | | | |
| സാ മ | ച | | |

**പുരുഷജാതകം**
**ജനനം: 1991 മെയ് 28,** 1.05 am
**നക്ഷത്രം: അനിഴം**
Education-: B.A. Sanskrit
തന്ത്രരത്നം (ആലുവ തന്ത്രവിദ്യാപീഠം)
വേദവിഭൂഷൺ (മഹർഷി സാന്ദീപനീ വേദവിദ്യാപീഠം ഉജ്ജയിനി)
**ഉയരം: 176 cm**
Mob-: 9349405463, 9495736327

### പുരുഷജാതകം

| | | | |
|---|---|---|---|
| | | കു | |
| | പുരുഷ ജാതകം ഗ്രഹനില | | ഗു ശി |
| സ | | | |
| മ | ബു ശു | ര ച ല | മാ |

**പുരുഷജാതകം**
**ജനനം: 1990 നവംബർ 16,** 4.25 am
**നക്ഷത്രം: ചോതി**
**ശിഷ്ടദശ: രാഹു 8-1-26**
Education-: M Com
Job: Client Support Associate, Sutherland Global
**ഉയരം: 166 cm**
Mob-: 9496336963





ഓം ശ്രീകൃഷ്ണായ നമഃ
**കരപ്പുറം മലയാള ബ്രാഹ്മണസമാജം**
(Reg.No. ALP/TC/374/2015)
Email : puthumanadevaswam@gmail.com

## പുതുമന ശ്രീകൃഷ്ണസ്വാമിക്ഷേത്രം

സി. എം. സി. 1, വേളോർവട്ടം, ചേർത്തല
ഫോൺ : 9497204475

# വൈശാഖോത്സവവും ശ്രീമദ് ഭാഗവത സപ്താഹയജ്ഞവും

ഭക്തജനങ്ങളെ,

പുതുമന ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ ഈവർഷത്തെ വൈശാഖോത്സവം 2019 മെയ് 5 (21-09-1194) ഞായറാഴ്ച മുതൽ 2019 ജൂൺ 3 (20-10-1194) തിങ്കളാഴ്ച വരെയും ശ്രീമദ് ഭാഗവത സപ്താഹയജ്ഞം 23-05-2019 വ്യാഴാഴ്ച മുതൽ 30-05-2019 വ്യാഴാഴ്ച വരെയും പൂർവ്വാധികം ഭംഗിയായി ആഘോഷിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഭക്തജനങ്ങളുടെ അകമഴിഞ്ഞ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

വേളോർവട്ടം
12/04/2019

പ്രൊഫ. കെ. ബാലചന്ദ്രശർമ്മ (പ്രസിഡന്റ്)
പ്രൊഫ. കെ. പരമേശ്വരൻ ഇളയത് (സെക്രട്ടറി)

**പ്രത്യേക വഴിപാടുകൾ**

| | |
|---|---|
| ഒരുദിവസത്തെ പൂജ | 600.00 രൂപ. |
| ഒരുനേരത്തെ പൂജ | 300.00 രൂപ. |
| ഒരു ദിവസത്തെ അഹസ്സ് (സപ്താഹ ദിവസങ്ങളിൽ) | 1000.00 രൂപ. |
| ഉദയാസ്തമയ പൂജ | 7000.00 രൂപ. |
| ഒരുപാട്ട എണ്ണ | 1200.00 രൂപ. |
| ഒരുചാക്ക് അരി | 2000.00 രൂപ. |

(*വിശദമായ നോട്ടീസ് പിന്നാലെ)


ബ്രാഹ്മണസമാജത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരേയൊരു ക്ഷേത്രമാണ് പുതുമന ശ്രീകൃഷ്ണ സ്വാമിക്ഷേത്രം. ഈ സപ്താഹയജ്ഞത്തിൽ എല്ലാ സമാജാംഗങ്ങളുടേയും സാന്നിധ്യസഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

# അക്ഷരശ്ലോക പ്രശ്നോത്തരി

(മലയാള ബ്രാഹ്മണ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ആണ്ടൂർ മഹാദേവക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ കെ.എസ്. കെ. ഇളയത് മെമ്മോറിയൽ അക്ഷരശ്ലോക സമസ്യാ പൂരണ മത്സരത്തിൽ ഇ. എൻ. വി. നമ്പൂതിരി നയിച്ച അക്ഷരശ്ലോക പ്രശ്നോത്തരിയിലെ രസകരവും വിജ്ഞാനപ്രദവുമായ ചില ചോദ്യങ്ങൾ.)

1 . ലഘു, ഗുരു, ലഘു, ഗുരു എന്നിങ്ങനെ അക്ഷരങ്ങൾ മാറി മാറി വരുന്ന വൃത്തമേത്?

2 . ഒരു ആശയത്തെ ഒരു ശ്ലോകം കൊണ്ടുതന്നെ പൂർണമാക്കുന്നതിനു മുക്തകം എന്ന് പറയും. രണ്ടു ശ്ലോകങ്ങൾ കൊണ്ട് ആശയം പൂർണമായി പറയുന്ന ശ്ലോകങ്ങൾക്ക് പറയുന്ന പേരെന്ത്?

3. കു.കു.കു.കു. എന്ന പേരിൽ ഒരു കവി അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ പൂർണമായ പേരെന്ത്?

4 . നാല് സഗണം വരുന്നത് തോടകം. നാല് രഗണം വരുന്നത് സൃഗ്വിണി , നാല് യഗണം വരുന്ന വൃത്തമേത്?

5 . 'അമ്പത്തൊന്നക്ഷരാളീ കലിതതനുലതേ''... ഈ ധ്യാനശ്ലോകം ഏത് കൃതിയിൽ നിന്ന് എടുത്തതാണ്?

6 . ഈശ്വര നാമം അറിയാതെ ഉച്ചരിച്ചാൽപ്പോലും പ്രയോജനകരമാണ് എന്ന് അജാമിളന്റെ കഥ വ്യക്തമാക്കുന്നു. ഈ അജാമിളന്റെ കഥയെ 'നാമ മാഹാത്മ്യം' എന്ന ഖണ്ഡകാവ്യത്തിലൂടെ വിവരിച്ച കവി ആര്?

7. ഒരു ശ്ലോകത്തിൽ ഒരക്ഷരം തന്നെ 16 കൃത്യ സ്ഥാനങ്ങളിൽ പ്രയോഗിച്ചാൽ അതിനു പറയുന്ന പേരെന്ത്?

8. 'കൊണ്ടൽവേണിയൊരു രണ്ടു നാലടി നടന്നതില്ല .. ' , ഈ പ്രസിദ്ധ ശ്ലോകത്തിൽ 'കൊണ്ടൽവേണി' എന്നി വിശേഷിപ്പിച്ചിരിയ്ക്കുന്നത് ആരെ?

9 . ഒരാളിന്റേയോ ഒരു വസ്തുവിന്റെയോ രൂപം വാക്കുകൾകൊണ്ട് പ്രത്യക്ഷമാക്കുന്ന ശ്ലോകങ്ങൾക്ക് പറയുന്ന പേരെന്ത്?

10 . അക്ഷരശ്ലോക മത്സരത്തിൽ ശ്ലോകം ചൊല്ലി ഒരാൾ മറ്റൊരാളെ തോൽപ്പിക്കുന്നതിന് പണ്ട് പറഞ്ഞിരുന്ന പേരെന്ത്?

11 . സന്ദേശകാവ്യങ്ങൾക്കു പൊതുവേ ഉപയോഗിച്ച് കാണുന്ന വൃത്തം സന്ദേശ വൃത്തം ഏതാണ്?


12 . അച്ഛന്റെ അടിയന്തിരം നടത്താൻ മഴയും വെള്ളപ്പൊക്കവും കാരണം ബുദ്ധിമുട്ടാണെന്നും, മഴ മാറ്റിത്തരണമെന്നും ഓലയിൽ ശ്ലോകത്തിൽ എഴുതി അഭ്യർത്ഥിച്ചു വെള്ളത്തിലൂടെ അയ്യപ്പനയച്ച കവികളാര്?

13 . ശ്ലോകം എന്ന വാക്കിന്റെ അർത്ഥമെന്ത്?

14 . വൃത്തശാസ്ത്രത്തിൽ മൂന്നക്ഷരം ചേരുന്നതിനു ഒരു ഗണം എന്ന് പറയുന്നു. അത്തരം എത്ര ഗണങ്ങൾ ആണുള്ളത്?

(ഉത്തരങ്ങൾ 18-ാം പേജിൽ)

## മുഖചിത്രം



മലയാള ബ്രാഹ്മണസമാജത്തിന്റെ ആഭിമുഖ്യത്തിൽ 2019 ഏപ്രിൽ 16-ാം തീയതി മുതൽ 28-ാം തീയതി വരെ കൂരോപ്പട ശ്രീധർമ്മശാസ്താക്ഷേത്രത്തിൽ നടന്ന പൂജാപഠന ക്യാമ്പിന്റെ വിവിധ ദൃശ്യങ്ങൾ
ഫോട്ടോ
**ശ്രീനു മോഹൻ, പുതുമന ഇല്ലം**
കവർഡിസൈൻ
**- എസ്.എൻ. നമ്പൂതിരി**

# മാറ്റൊലി

2018 നവംബർ ഡിസംബർ മാസത്തെ ബ്രഹ്മശ്രീ കിട്ടി. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും നല്ല നിലവാരം പുലർത്തുന്നു. പത്രാധിപ സമിതിയ്ക്ക് ഹാർദ്ദമായ അഭിനന്ദനങ്ങൾ. അഭിനന്ദനങ്ങൾ അറിയിക്കുന്നതോടൊപ്പം പോരായ്മകളും ചൂണ്ടിക്കാട്ടണമല്ലോ. ശ്രാദ്ധദിനം, ചരമദിനം, നിര്യാതരായി തുടങ്ങിയവയുടെ ചില ഫോട്ടോകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. അബദ്ധം പറ്റിയതായിരിയ്ക്കും എന്നാണ് വിചാരിച്ചത്. പക്ഷെ പല ഫോട്ടോകളിലും തീയതി കാണിച്ചിട്ടില്ല. തീയതി പ്രധാനപ്പെട്ടതാണ്. അതുകൊണ്ട് ഇനിയെങ്കിലും ഇതുപോലുള്ള തെറ്റുകൾ വരാതെ ശ്രദ്ധിയ്ക്കുമല്ലോ. ആരെങ്കിലും തീയതി രേഖപ്പെടുത്തുവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അത് ചോദിച്ചറിഞ്ഞു രേഖപ്പെടുത്തേണ്ടതാണ്. കുറ്റപ്പെടുത്തലല്ല, ഒരു ഓർമ്മപ്പെടുത്തലായി കണ്ടാൽ മതി.

**ശ്രീ. എൻ. രാമൻ ഇളയത്,**
വലിയമംഗലത്തില്ലം, കൂവപ്പടി

ഈ പോരായ്മ ചൂണ്ടിക്കാണിച്ചതിന് വളരെ നന്ദി. ശരിയാണ്, തീയതി പ്രധാനപ്പെട്ടതാണ്. പക്ഷെ ഒരു പ്രശ്നം, അയച്ചു കിട്ടുന്ന ഫോട്ടോകളിൽ പലതിന്റെയും കൂടെ വിശദവിവരങ്ങളോ തീയതിയോ, ബന്ധപ്പെടാനുള്ള ഫോൺ നമ്പറോ ഇല്ല. ഇ മെയിലിൽ ഒരു മറുപടിയയച്ചാൽ പ്രതികരണവും ഇല്ല. ഫോട്ടോകൾ മിക്കതു അയയ്ക്കപ്പെടുന്നത് സ്റ്റുഡിയോകളുടെയോ ഇന്റർനെറ്റ് കഫേകളുടെയോ മേൽ വിലാസത്തിൽനിന്നാണ്. സ്വാഭാവികമായി അവർ മറുപടി തരില്ല. പിന്നെ അതാത് ശാഖാ ഭാരവാഹികളുടെ ഫോൺ നമ്പർ സംഘടിപ്പിച്ച് ബന്ധപ്പെട്ടാണ് വേണ്ട വിവരങ്ങൾ നമ്മൾ മേടിക്കുന്നത്. ഇതിനു ചില പ്രായോഗിക പരിമിതികളുണ്ടെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഫോട്ടോകളോടൊപ്പം വിശദവിവരങ്ങളും തീയതിയും മറക്കാതെ അയച്ചു തന്ന് സഹകരിക്കണമെന്ന് എല്ലാവരോടും അപേക്ഷ

:പത്രാധിപർ

ക്ഷേത്ര ദർശനത്തെ കുറിച്ചുള്ള ശ്രീലകം വേണുഗോപാലിന്റെ കഴിഞ്ഞ ലക്കത്തിലെ എല്ലാവർക്കും മനസ്സിലാകുന്നതരത്തിലുള്ള കവിത വളരെ ഹൃദ്യമായി. അഭിനന്ദനങ്ങൾ.

***ഗിരിജ എൻ. നമ്പൂതിരി,***
വടുതലായിൽ ഇല്ലം, കുടക്കച്ചിറ



ശോകമേ ഹാ, തകർന്ന ഹൃദയത്തെ
ലോകതത്വം പഠിപ്പിച്ചു നീ സ്വയം

## കേന്ദ്ര വാർത്തകൾ

17. 03. 2019 ന് കേന്ദ്ര ഓഫീസിൽ പ്രസിഡന്റ് ശ്രീ. T V നാരായണ ശർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന MBS 31 അംഗ ഭരണ സമിതി എടുത്ത പ്രധാന തീരുമാനങ്ങൾ:

1. ഗാന്ധി സമാധാന പുരസ്കാരം നേടിയ ശ്രീ. പി.പരമേശ്വരൻ, സംസ്കൃത സാഹിത്യത്തിന് നൽകിയ സംഭാവനകൾക്ക് രാഷ്ട്രപതിയുടെ പുരസ്കാരം നേടിയ പ്രൊഫ. മുരളി മാധവ്, 'ആചാര്യോത്തംസ' അവാർഡ് ലഭിച്ച MBS കേന്ദ്ര പ്രസിഡന്റ് ശ്രീ TV നാരായണ ശർമ്മ, മികച്ച വനിതാ സംരഭകയ്ക്കുള്ള സംസ്ഥാന സർക്കാർ അവാർഡ് ' നവാംഗന 2019' നേടിയ ശ്രീമതി മായ വാസുദേവൻ, പുല്ലയിൽ ഇല്ലം എന്നിവരെ യോഗം അനുമോദിച്ചു.

2. ഫെബ്രുവരി 23 & 24 ന് നടന്ന നേതൃത്വ പരിശീലന ക്യാമ്പ് വിജയകരമാക്കിത്തീർക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും ക്യാമ്പ് കോ ഓർഡിനേറ്റർ ശ്രീ. KB ശർമ്മ നന്ദി രേഖപ്പെടുത്തി.

3. മാസവരി, ബ്രഹ്മശ്രീ വരിസംഖ്യ എന്നിവയിലുള്ള 31. 03. 2019 വരെയുള്ള കുടിശ്ശിഖ എത്രയും വേഗം പിരിച്ചെടുക്കുവാനും അതു വഴി വാർഷിക കണക്ക്, ഓഡിറ്റ് എന്നിവ സുഗമമാക്കുവാനും കേന്ദ്ര ട്രഷററുടെ അഭ്യർത്ഥന പ്രകാരം യോഗം ശാഖാ, ജില്ലാ ഭാരവാഹികൾക്ക് നിർദ്ദേശം നൽകി.

4. ബൈലോ ഭേദഗതിയ്കായുള്ള ഉപസമിതി പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചു. കേന്ദ്ര പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള സമിതിയിൽ ശ്രീ. K B ശർമ്മ, ശ്രീ. T N ബാബു കുമാർ, ശ്രീ. പരമേശ്വരൻ ഇളയത്, ശ്രീ. T N N ഇളയത് എന്നിവർ അംഗങ്ങളായിരിക്കും.

5. 31 അംഗ ഭരണ സമിതിയിൽ തുടർച്ചയായി 3 പ്രാവശ്യത്തിൽ കൂടുതൽ ഹാജരാകത്തവർക്ക് MBS ബൈലോ 9. C.4 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുവാൻ തീരുമാനിച്ചു.

6. ബ്രഹ്മശ്രീ വിതരണത്തിലെ അപാകതകൾ പരിഹരിക്കുവാൻ ശാഖാ ഭാരവാഹികൾ പ്രത്യേക ശ്രദ്ധ നൽകണമെന്ന് യോഗത്തിൽ പങ്കെടുത്ത ചീഫ് എഡിറ്റർ ശ്രീ. ഹരികുമാറിന്റ അഭ്യർത്ഥന പ്രകാരം യോഗം ആവശ്യപ്പെട്ടു.

7. 2019 March 22ന് തിരുനക്കര ഉത്സവത്തോട് അനുബന്ധിച്ച് നടക്കുന്ന ദേശവിളക്കിൽ മുൻ വർഷങ്ങളിലേതു പോലെ പങ്കെടുക്കുവാനും അതിലേക്കായി Rs.1000/ നൽകുവാനും തീരുമാനിച്ചു.

8. ഏപ്രിൽ 16 മുതൽ നടക്കുന്ന പൂജാ ക്യാമ്പിന്റെ മുന്നൊരുക്കങ്ങൾ കേന്ദ്ര ഭാരവാഹികൾ, ജില്ലാ, ശാഖാ ഭാരവാഹികളുമായി ഏപ്രിൽ ആദ്യ വാരം കൂരോപ്പടയിൽ ചേർന്ന് വിലയിരുത്തുന്നതാണ്.

9. ശ്രീ ശങ്കര ജയന്തി 2019 മെയ് 9ന് കേന്ദ്ര ഓഫീസിൽ വച്ച് സമുചിതമായി ആഘോഷിക്കുവാൻ തീരുമാനിച്ചു.

10. 2019 ഏപ്രിൽ 10ന് ആണ്ടൂർ മഹാദേവക്ഷേത്ര സന്നിധിയിൽ MBS ആഭിമുഖ്യത്തിൽ നടക്കുന്ന KSK ഇളയത് മെമ്മോറിയൽ അക്ഷരശ്ളോകമത്സരം വിജയിപ്പിക്കുവാൻ യോഗം സമാജാംഗങ്ങളോട് അഭ്യർത്ഥിച്ചു. പ്രസ്തുത മത്സരത്തിലെ വിജയികൾക്കായി Momento Sponsor ചെയ്യുന്നതാണെന്ന് എറണാകുളം ജില്ലാ ട്രഷറർ ശ്രീ. പുരുഷോത്തമൻ നമ്പൂതിരി അറിയിച്ചു.

11. വൈക്കം ശാഖയുടെ അപേക്ഷ പ്രകാരം കേന്ദ്ര, ജില്ലാ ആഭിമുഖ്യത്തിൽ നടത്തിയ രാമായണ മാസാചരണ ഉത്ഘാടനത്തിന് മുൻപ് നൽകിയിരുന്ന Rs. 1000/- ന് പുറമേ Rs. 4000/- കൂടി അനുവദിക്കുവാൻ തീരുമാനിച്ചു.

12. ജില്ലാ കമ്മറ്റി യോഗങ്ങൾ മുൻ കൂട്ടി കേന്ദ്ര ജനറൽ സെക്രട്ടറിയെ അറിയിക്കേണ്ടതും പ്രസ്തുത യോഗത്തിലേക്ക് ഒരു കേന്ദ്ര പ്രതിനിധിയെ അയയ്കുവാൻ അഭ്യർത്ഥിക്കേണ്ടതുമാണ്.

13. ശാഖാ ഓഡിറ്റർമാരെ ജില്ലാ കമ്മറ്റികൾ നിയമിക്കേണ്ടതും 31.03.2019 വരെയുള്ള ശാഖാ കണക്കുകൾ 15.04.2019 നകം പൂർത്തിയാക്കേണ്ടതുമാണ്.

14. യോഗ റിപ്പോർട്ടുകൾ, സർക്കുലറുകൾ എന്നിവ തയ്യാറാക്കുക, എഴുത്തുകുത്തുകൾ നടത്തുക എന്നിവയിൽ കേന്ദ്ര ജനറൽ സെക്രട്ടറി നേരിടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത ചുമതലകൾ കേന്ദ്ര ജോയിന്റ് സെക്രട്ടറി ശ്രീ. V N ദിവാകരനെ ഏൽപിക്കുവാൻ യോഗം തീരുമാനിച്ചു.

## തൃശ്ശൂർ ജില്ല

മലയാള ബ്രാഹ്മണസമാജം തൃശ്ശൂർ ജില്ലാകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 2019 മാർച്ച് 3–ാം തീയതി ഞായറാഴ്ച സംഘടിപ്പിച്ച കൗൺസിൽ യോഗവും കേന്ദ്രനേതൃത്വത്തെ ആദരിക്കലും സമുചിത പരിപാടികളോടെ ആഘോഷിച്ചു. തൃശ്ശൂർ അച്യുതമേനോൻ പാർക്കിൽ പ്രത്യേകം സജ്ജമാക്കിയ വേദിയിൽ ജില്ലാ പ്രസിഡണ്ട് വന്നേരി കുറ്റിക്കാട് ഇല്ലത്ത് രഘുനാഥ്കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ഈ പ്രാവശ്യത്തെ സംസ്കൃതഭാഷയ്ക്ക് സമഗ്ര സംഭാവന നൽകിയതിന് രാഷ്ട്രപതിയുടെ പുരസ്കാരം ലഭിച്ച ബ്രഹ്മശ്രീ പ്രൊഫസർ പി.സി.മുരളീമാധവൻ യോഗം ഉദ്ഘാടനം ചെയ്തു.

ചരിത്ര പ്രാധാന്യമുള്ള ശുഭ മുഹൂർത്തകൾക്ക് ജില്ലായോഗം സാക്ഷ്യം വഹിച്ചു അഖിലേന്ത്യ ടീച്ചേഴ്സ് ഫെഡറേഷൻ സംസ്ഥാന കമ്മറ്റിയുടെ ആചാര്യോത്തംസ പുരസ്കാര ജേതാവ് കേന്ദ്രപ്രസിഡണ്ട് ശ്രീ. ടി.വി.നാരായണശർമ്മയും രാഷ്ട്രപതിയുടെ പുരസ്കാരജേതാവും ഒരേ വേദി പങ്കിട്ടതും ജില്ലയ്ക്കു മാത്രമല്ല മലയാളബ്രാഹ്മണസമാജത്തിനു തന്നെ വലിയൊരു നാഴികകല്ലായിമാറി. പ്രൊഫസർ പി.സി. മുരളീമാധവനെ കേന്ദ്രത്തിനു വേണ്ടി പ്രസിഡണ്ട് ടി.വി. നാരായണശർമ്മ പൊന്നാട അണിയിച്ചു. തൃശ്ശൂർജില്ലയ്ക്കു വേണ്ടി പുതുമന നാരായണനും, കേന്ദ്രപ്രസിഡണ്ടിനെ ജില്ലാപ്രസിഡണ്ട് രഘുനാഥ്കുമാറും, കേന്ദ്രജനറൽ സെക്രട്ടറിയെ ശ്രീ.സുന്ദരേശൻ ചെമ്പുക്കാടും, കേന്ദ്ര ട്രഷററെ ജയകുമാർ, 31 അംഗസമിതിയംഗമായ ദീപേഷ് കെ.ഇളയതിനെ മുൻ കേന്ദ്രവൈസ്പ്രസിഡണ്ട് ദേവകി ചെമ്പുക്കാടും കെ. സി.ചന്ദ്രശേഖരനെ തൃശ്ശൂർ ജില്ലാസെക്രട്ടറി സുരേ

ഷ്കുമാർ ഇളയതും, ബ്രഹ്മശ്രീ എഡിറ്റോറിയൽ അംഗം വടക്കാഞ്ചേരി ശാഖാ പ്രസിഡണ്ടു കൂടിയായ ശ്രീ നീലാംബരൻ മാസ്റ്ററെ ശ്രീ. ടി.കെ. രാജൻ ഇളയതും പൊന്നാട അണിയിച്ചു തൃശ്ശൂർ ജില്ലാകമ്മറ്റിക്കു വേണ്ടി സെക്രട്ടറി അടാട്ട് കുഴുപ്പിള്ളി ഇല്ലത്ത് സുരേഷ്കുമാർ ഇളയത് സ്വാഗതവും, ജോയിന്റ് സെക്രട്ടറി ചിറ്റിലപ്പിള്ളി പുതുമന ഇല്ലത്ത് ശ്രീജ പരമേശ്വരൻ പ്രവർത്തന റിപ്പോർട്ടും, അനുശോചന പ്രമേയം ജോ. സെക്രട്ടറി ബാബുരാജിന്റെ അഭാവത്തിൽ പറപ്പൂക്കര ശാഖ പ്രസിഡണ്ട് ശ്രീ ജയകുമാർ ഇളയതും, ആദരണീയരുടെ മറുപടി പ്രസംഗത്തിനു ശേഷം തൃശ്ശൂർടൗൺ ശാഖ സെക്രട്ടറി തിരൂർ കിഴക്കേടത്ത് ഇല്ലത്ത് കൃഷ്ണദാസ് ശാഖകളുടെ വാർഷികാഘോഷങ്ങളുടെ അവലോകനവും അവതരിപ്പിച്ചു യോഗത്തിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് തൃശ്ശൂർ ടൗൺ ശാഖ പ്രസിഡണ്ട് സുന്ദരേശൻ ചെമ്പുക്കാട്, ഗുരുവായൂർ സെക്രട്ടറി പി.ഡി.പരമേശ്വരൻ ഇളയതും, തൃശ്ശൂർ വൈസ്പ്രസിഡണ്ട് രഘുനാഥ് കുമാറും സംസാരിച്ചു. യോഗത്തിൽ കേന്ദ്രപ്രസിഡണ്ടിന്റെ 'ഉത്തരാസ്വയംവര' ഗാനവും ശ്രദ്ധേയമായി. യോഗത്തിൽ പറപ്പൂക്കര ശാഖ വൈസ്പ്രസിഡണ്ട് ശ്രീമതി ലതാ ജയകുമാർ നന്ദിയും പറഞ്ഞു ഭക്ഷണത്തിനു നേതൃത്വം നൽകിയത് കുന്നത്തങ്ങാടി തുരുത്തി ഇല്ലത്ത് സന്തോഷാണ്. ദേശീയഗാനത്തോടെ യോഗം പര്യവസാനിച്ചു.

**കൊരട്ടി ശാഖാ**

മലയാള ബ്രാഹ്മണ സമാജം കൊരട്ടി ശാഖയുടെ ഏപ്രിൽ മാസത്തെ യോഗം 7-04-2019 ഞായറാഴ്ച രാവിലെ 9:30 ന് വാളൂർ എൻ.എസ്.എസ്. ഹാളിൽ വച്ച് ഒരു വാർഷികയോഗമായി ആഘോഷിക്കുകയുണ്ടായി. വൃന്ദനെന്മേനി, അനഘ.സി.രഘുനാഥ് എന്നിവരുടെ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. ആചാര്യവന്ദനം, അനുശോചനം, എന്നിവയ്ക്കു ശേഷം സെക്രട്ടറി എല്ലാവർക്കും സ്വാഗതം പറഞ്ഞു. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിലെ റിട്ട: സംസ്കൃത അദ്ധ്യാപകൻ ചാലക്കുടി കാഞ്ഞാട്ടുമനയ്ക്കലേ ബ്രഹ്മശ്രീ വാസുദേവൻ നമ്പൂതിരിയും ശാഖാ ഭാരവാഹികളും ചേർന്ന് യോഗം ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. തുടർന്ന് പ്രസിഡന്റ് അദ്ധ്യക്ഷ പ്രസംഗം നടത്തുകയും, സെക്രട്ടറി വാർഷിക റിപ്പോർട്ട് വായിക്കുകയും, ട്രഷറർ വാർഷിക കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. വിശിഷ്ടാതിഥികളായി തൃശ്ശൂർ ടൗൺ ശാഖാ പ്രസിഡന്റ് ടി.വി സുന്ദരേശൻ ഇളയത്, ജില്ലാ ട്രഷറർ എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് വിശിഷ്ടാതിഥികളുടേയും ചില ശാഖാംഗങ്ങളുടേയും ആശംസാ പ്രസംഗങ്ങളും ഉണ്ടായിരുന്നു. അവതാരികയായി വൈസ്പ്രസിഡന്റ് വെളുത്തമേശ്ശേരി ഇല്ലത്ത് സി.ജി.വത്സല ഗോപിനാഥ് വളരെ ശ്രദ്ധേയമായിരുന്നു. തുടർന്ന് വാസുദേവൻ നമ്പൂതിരി ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രഭാഷണം നടത്തി. ശേഷം ശാഖാംഗങ്ങളുടെ കലാപരിപാടികളുണ്ടായി. ഉച്ചയൂണിനു ശേഷം കലാപരിപാടികൾ തുടർന്നു.

തിരുവാതിര കളിയോടെ പരിപാടികൾ അവസാനിച്ചു. തുടർന്ന് കേന്ദ്ര ഭരണ സമിതിയിലെ ജനറൽ സെക്രട്ടറി കൊണഞ്ചേരി ഇല്ലത്ത് ശ്രീ.ദേവൻ ഇളയത് ,കേന്ദ്ര ട്രഷറർ കടമ്പനാട്ട് ഇല്ലത്ത് ശ്രീ കെ.എസ്.ദാമോദരൻ ഇളയത് , പിന്നെ 31 അംഗ സമിതിയിലെ അംഗമായ കുറുകപ്പിള്ളി ഇല്ലത്ത് ശ്രീ കെ.എൻ. ദീപേഷ് ഇളയത് എന്നിവരെ കൊരട്ടി ശാഖയുടെ മൊമെന്റോ കൊടുത്ത് അഭിനന്ദിച്ചു. കലാപരിപാടികളിൽ പങ്കെടുത്ത എല്ലാവർക്കും ട്രോഫികൾ നൽകി അനുമോദിച്ചു. വെളുത്തമേശ്ശേരി ഇല്ലത്ത് അപ്പുക്കുട്ടൻ ഇളയത് കൃതജ്ഞത പറഞ്ഞ് 5 മണിയോടെ യോഗം പര്യവസാനിച്ചു.

**കുറവിലങ്ങാട് ശാഖ**

കുറവിലങ്ങാട് ശാഖയുടെ വാർഷിക യോഗവും കുടുംബ സംഗമവും 07-04-2019 കുറവിലങ്ങാട് മഹാദേവ ക്ഷേത്ര സന്നിധിയിൽ വച്ചു നടന്നു. ശാഖയിലെ സ്ത്രീകൾ നടത്തിയ നാരായണീയ പാരായണവും മറ്റും യോഗത്തിന് ഭക്തിസാന്ദ്രമായ ഒരു അന്തരീക്ഷം ഉണ്ടാക്കി. ശാഖ പ്രസിഡന്റ് ശ്രീകുമാറിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം കേന്ദ്ര പ്രസിഡന്റ് ടി വി നാരായണശർമ്മ ഉത്ഘാടനം ചെയ്തു. കേന്ദ്ര സെക്രട്ടറി ദേവൻ ഇളയത് സമാജ സന്ദേശം നൽകി. പെരുമ്പാവൂർ ശാഖ പ്രസിഡന്റ് പരമേശ്വരൻ ഇളയത് മുഖ്യപ്രഭാഷണവും, ആലപ്പുഴ ജില്ല പ്രസിഡന്റ് പരമേശ്വരൻ ഇളയത് അനുഗ്രഹ പ്രഭാഷണവും നടത്തി. കേന്ദ്ര ട്രഷറർ കെ എസ് ഡി ഇളയത്, ജില്ല പ്രസിഡന്റ് ബാബുകുമാർ, ജില്ല സെക്രട്ടറി അരുൺ കീച്ചേരിൽ, ശാഖ സെക്രട്ടറി പ്രസാദ്, ശാഖ വൈസ് പ്രസിഡന്റ് വിനോദ് എന്നിവർ ആശംസ പ്രസംഗവും നടത്തി

**കൂത്താട്ടുകുളം ശാഖ**

2019 ഏപ്രിൽ മാസത്തെ ശാഖായോഗം കോഴിപ്പിള്ളി പുത്തൻപുര ഇല്ലത്തു ശ്രീ . നാരായണൻ നമ്പൂതിരിയുടെ വസതിയിൽ ശാഖ പ്രസിഡണ്ട് ശ്രീ. മുരളീധര ശർമയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗസാധാരണമായ നടപടികൾ പൂർത്തിയാക്കി, ദിവംഗതനായ പാലക്കുഴ കീഴേട്ടില്ലത്ത് കൃഷ്ണൻ ഇളയതിനെ അനുസ്മരിച്ചു. അധ്യക്ഷന്റെ ഉപക്രമത്തിൽ, സമാജത്തിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതിന്റെയും സജീവമാക്കേണ്ടതിന്റെയും ആവശ്യകത ഓർമിപ്പിച്ചു. യുവജനങ്ങളുടെയും വനിതകളുടെയും പ്രവർത്തനം ഏറ്റവും ആവശ്യമായ ഘട്ടമാണിത്. അതിനാൽ യുവജനവേദിയുടെയും വനിതാവേദിയുടെയും രൂപീകരണം നടന്നു. യുവജനവേദിയുടെ കൺവീനറായി ഇളംബ്ലാശ്ശേരി ഇല്ലത്ത് ശ്രീനിവാസ് എൻ. ശർമയും വനിതാവേദി കൺവീനറായി കോഴിപ്പിള്ളി പുത്തൻ പുരയില്ലത്തു വിജി വി. നമ്പൂതിരിയേയും തിരഞ്ഞെടുത്തു. ജില്ലാ സെക്രട്ടറി ശ്രീ. രവികുമാർ മംഗലപ്പള്ളി സമാജത്തിന്റെ പ്രവർത്തനം എങ്ങനെ വേണമെന്ന് നിർദ്ദേശിച്ചു. പുത്തൻപുരയില്ലം ശ്രീ. ഹരിശർമ്മ കൃതജ്ഞത പ്രകാശിപ്പിച്ചു. ഐകമത്യസൂക്തത്തോടെ യോഗം പര്യവസാനിച്ചു.



പരമാർത്ഥത്തെ വിചാരിക്കാതെ
പരിഹാസത്തെ നടത്തീടരുത്

**വൈക്കം ശാഖാ**

എം.ബി.എസ്. വൈക്കം ശാഖാ വാർഷികവും കുടുംബ സംഗമവും 21-04-2019 ഞായറാഴ്ച ചുള്ളിമംഗലം സി എസ്സ് ഉണ്ണികൃഷ്ണൻ നഗറിൽ (തലയോലപ്പറമ്പ് എൻ.എസ്.എസ്. സരസ്വതി മണ്ഡപം) നടന്നു .. രാവിലെ 9.30ന് ശാഖാ പ്രസിഡന്റ് പതാക ഉയർത്തുകയും പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു എം.ബി.എസ്. കേന്ദ്ര പ്രസിഡന്റ് ബ്രഹ്മ ശ്രീറ്റി.വി. നാരായണ ശർമ്മ ഭദ്രദീപപ്രകാശനം നിർവ്വഹിച്ചതോടെ കലാപരിപാടികൾക്കും മത്സരങ്ങൾക്കും തുടക്കമായി ഉച്ചഭക്ഷണത്തിനു ശേഷം 2 മണിക്ക് പൊതുസമ്മേളനം ആരംഭിച്ചു ഈശ്വരപ്രാർത്ഥനയ്ക്കും ആചാര്യവന്ദനത്തിനും ശേഷം ശാഖാ സെക്രട്ടറി സി കെ ചന്ദ്രഗുപ്തൻ സ്വാഗതം പറഞ്ഞു.കേന്ദ്ര ജനറൽ സെക്രട്ടറി ബ്രഹ്മശ്രീ കെ.വി.ദേവൻ ഇളയത് സമ്മേളനം ഉൽഘാടനം ചെയ്തു ശാഖാ പ്രസി: ശ്രീമതി കെ.എൻ മായ അധ്യക്ഷത വഹിച്ച യോഗത്തിൽ കേന്ദ്ര വൈസ് പ്രസി: കെ.ബി. ശർമ്മ, കേന്ദ്ര ട്രഷറർ കെ.എസ്.ഡി .ഇളയത് , കേന്ദ്ര ജോ: സെക്രട്ടറി വി.എൻ.ദിവാകരൻ, കുറവിലങ്ങാട് ശാഖാ പ്രസിഡന്റ് റ്റി.എസ്.ശ്രീകുമാർ ,യുവജനവേദി കൺവീനർ സനാതനൻ സി.സി. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു വിദ്യാസന്തോഷ് നന്ദി പ്രകാശിപ്പിച്ചു

**ഗുരുവായൂർ ശാഖ**

17-3-2019 മാർച്ച് മാസത്തെ ശാഖായോഗം ചിറ്റിലപ്പള്ളി മൈമ്പിള്ളി ഇല്ലത്ത് പരമേശ്വരൻ ഇളയതിന്റെ വസതിയിൽ വച്ച് നടന്നു. ശാഖാ പ്രസിഡന്റ് ശ്രീ പുതുമന നാരായണൻ ഇളയത് അദ്ധ്യക്ഷനായിരുന്നു. മൈമ്പിള്ളി ഇല്ലത്ത് ദേവി അന്തർജ്ജനം സ്വാഗതം പറഞ്ഞു. സെക്രട്ടറിയുടെ മിനിറ്റ്സ് വായനയ്ക്ക് ശേഷം ഗൃഹസന്ദർശനം സംബന്ധിച്ച് കാര്യങ്ങൾ വിശദീകരിച്ചു. ഗൃഹസന്ദർശനം വിജയകരമായി പൂർത്തീകരിച്ചതിന് സഹകരിച്ച ശാഖാംഗങ്ങളേയും ഭാരവാഹികളേയും നന്ദി അറിയിച്ചു. ചർച്ചകളെ തുടർന്ന് താഴെ കാണുന്ന തീരുമാനങ്ങൾ എടുത്തു. തൃശൂർ ജില്ലാ കൗൺസിലിന്റെ കേന്ദ്രനേതൃത്വത്തെ ആദരിച്ച ചടങ്ങ് വളരെ നന്നായി നടത്തിയതിന് ജില്ലാ സെക്രട്ടറിയുടെ പങ്ക് എടുത്ത് പറഞ്ഞു. ചടങ്ങിനെ ചെലവിന് ശാഖാവിഹിതമായി 2300 രൂപ നൽകുന്നതിന് തീരുമാനിച്ചു. ജില്ലാതല ഓഡിറ്റ് ടീമിലേയ്ക്ക് തത്തമംഗലത്ത് ഇല്ലത്ത് രാജൻ ഇളയത്, പുതുമന ഇല്ലത്ത് സുമംഗല നാരായണൻ എന്നിവരെ ശുപാർശ ചെയ്തു. ഗൃഹസന്ദർശനത്തിൽ ലഭ്യമായ പിരിവ് തുകയും ചെലവും സംബന്ധിച്ച കണക്ക് അടുത്ത എക്സിക്യൂട്ടീവ് യോഗത്തിൽ അവതരിപ്പിക്കുന്നതിന് ട്രഷററെ ചുമതലപ്പെടുത്തി. കാരുണ്യ സഹായനിധി ചെലവുകളെ സംബന്ധിച്ച് ചർച്ച ചെയ്തു. ശാഖയിലെ ഒരു ഇല്ലത്ത് ശുചിമുറി പണിതുകൊടുക്കുന്നതിന് ആവശ്യമായ നടപടികൾക്ക് ശാഖാ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ആവശ്യമായ തുക സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിനും ബാക്കി വരുന്ന തുക ശാഖാഫണ്ടിൽ നിന്നും നൽകുന്നതിനും തീരുമാനിച്ചു. അടുത്തമാസം വരുന്ന ശങ്കരജയന്തി സമുചിതമായി ആഘോഷിക്കുന്നതിനും തീരുമാനിച്ചു. 26-03-2019 ഗുരുവായൂർ ശാഖയുടെ എക്സിക്യൂട്ടീവ് യോഗം ചേറ്റുവെട്ടി ഇല്ലത്ത് സുബ്രഹ്മണ്യൻ ഇളയതിന്റെ വസതിയിൽ 26-03-2019ന് ചേർന്നു. കാരുണ്യ സഹായനിധിയുടെ കണക്കുകൾ അവതരിപ്പിച്ചു. അടുത്ത ശാഖാ യോഗങ്ങളിൽ ചിലത് മേഖലായോഗങ്ങളാക്കി മാറ്റുന്നതിനേക്കുറിച്ച് ചർച്ച ചെയ്തു. നിറഞ്ഞ കാരുണ്യ ഭണ്ഡാരങ്ങൾ തുറന്ന് തുകയെണ്ണി സഹായനിധിയിലേയ്ക്ക് മുതൽകൂട്ടി. ഭരണസൗകര്യത്തിനായി ഓരോ എക്സിക്യൂട്ടീവ് മെമ്പറുടെയും കീഴിൽ ഇല്ലങ്ങളെ വിഭജിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**പാലാ ശാഖ**

മലയാള ബ്രാഹ്മണ സമാജം പാലാ ശാഖ വാർഷികവും കുടുംബ സംഗമവും 27-04-2019 ശനിയാഴ്ച പാലാ അമ്പാടി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ശാഖ പ്രസിഡന്റ് പ്രവീൺ കെ നമ്പൂതിരി അധ്യക്ഷനായ സമ്മേളനം കേന്ദ്ര പ്രസിഡന്റ് ടി വി നാരായണ ശർമ്മ ഉൽഘാടനം ചെയ്തു. കോട്ടയം ജില്ല പ്രസിഡന്റ് ടി എൻ ബാബുകുമാർ, ജില്ല സെക്രട്ടറി അരുൺ കീച്ചേരിൽ, കോട്ടയം ജില്ല മുൻ പ്രസിഡന്റ് ഒ എൻ വി നമ്പൂതിരി, ശാഖ സെക്രട്ടറി ഹരികൃഷ്ണൻ, ശ്രീകുമാരൻ നമ്പൂതിരി തുടങ്ങിയവർ പ്രസംഗിച്ചു

**രാമപുരം ശാഖാ വാർഷികം**

മലയാള ബ്രാഹ്മണ സമാജം രാമപുരം ശാഖാവാർഷികം 07/04/2019ന് കുറിഞ്ഞി കടിയക്കോൽ ഇല്ലത്ത് വച്ച് നടന്നു. ഗണപതി ഹവനം,നാരായണീയാലാപനം ,വിഷ്ണു സഹസ്രനാമജപം,എന്നിവയ്ക്ക് ശേഷം നടന്ന കലാമൽസരങ്ങളിൽ ശാഖയിലെ കുട്ടികൾ ആവേശത്തോടെ പങ്കെടുത്തു. ഏഴാച്ചേരി അക്ഷരശ്ലോകസമിതിയുടെ അക്ഷരശ്ലോകസദസ്സ് ഏറെ ആകർഷണീയമായി. 2.മണിക്ക് ആരംഭിച്ച പൊതു സമ്മേളനത്തിൽ ശാഖാ പ്രസിഡന്റ് വേണു പത്മനാഭൻ അധ്യക്ഷത വഹിക്കുകയും രാമപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബൈജു ജോൺ ഉദ്ഘാടനകർമ്മം നിർവഹിക്കുകയും ചെയ്തു. ആചാര്യോത്തംസ പുരസ്കാരം നേടിയ കേന്ദ്ര പ്രസിഡന്റ് ബ്രഹ്മശ്രീ റ്റി. വി .നാരായണശർമ്മ അവർകളെ പൊന്നാടയണിയിച്ച് ആദരിച്ചു. തദവസരത്തിൽ കേന്ദ്ര ജോ.സെക്രട്ടറി മോഹൻകുമാർ, കോട്ടയം ജില്ലാ പ്രസിഡന്റ് ബാബുകുമാർ,കോട്ടയം ജില്ലാ സെക്രട്ടറി അരുൺ കീച്ചേരിൽ,ശാഖാ സെക്രട്ടറി മഞ്ജുഷ ആർ, യുവജന വേദി പ്രതിനിധി കൃഷ്ണേന്ദു ബാബു തുടങ്ങിയവർ സംസാരിച്ചു.

**ആണ്ടൂർ ശാഖ**

എം.ബി.എസ്. ആണ്ടൂർ ശാഖയുടെ വാർഷികം ആണ്ടൂർ മഹാദേവക്ഷേത്ര ഓഡിറ്റോറിയത്തിൽ വച്ച് ഏപ്രിൽ 13 നു നടന്നു. കേന്ദ്ര പ്രസിഡന്റ് ബ്രഹ്മശ്രീ. ടി. വി. നാരായണ ശർമ്മ ഉത്ഘാടനം ചെയ്ത യോഗത്തിൽ ശ്രീ. സതീഷ് (Rtd Asst Excise Inspector) ,മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി, വൈക്കം, രാമപുരം, ചങ്ങനാശ്ശേരി, പാലാ ശാഖാ പ്രതിനിധികൾ എന്നിവർ യോഗത്തിന് ആശംസകളർപ്പിച്ചു. ഏറത്തുരുത്തി ശ്രീ. നാരായണൻ നമ്പൂതിരിയുടെയും രാധ അ

ന്തർജ്ജനത്തിന്റെയും സ്മരണാർത്ഥം ഏർപ്പെടുത്തിയ പുരസ്കാരം കുമാരി സാന്ദ്ര മോഹൻ ഏറ്റു വാങ്ങി. ശാഖാ പ്രസിഡൻറ് ശ്രീമതി മമത ഹരികുമാർ അധ്യക്ഷത വഹിക്കുകയും സെക്രട്ടറി ശ്രീമതി കവിതാ കണ്ണൻ റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. കൃതജ്ഞത പ്രകാശനത്തിന് ശേഷം ഐകമത്യസൂക്തത്തോടെ യോഗം പര്യവസാനിച്ചു.

**ചങ്ങനാശ്ശേരി ശാഖ**

13/4/19 ന് പെരുമ്പൊഴിപ്പുറത്ത് ഇല്ലത്ത് വച്ച് ചങ്ങനാശ്ശേരി ശാഖയുടെ വാർഷികം സമുചിതമായി ആഘോഷിച്ചു. കേന്ദ്ര നേതാക്കളുടെ സാന്നിദ്ധ്യത്തിൽ വാർഷിക യോഗം നടന്നു. ശാഖാ പ്രസിഡന്റ് ഹരിമോഹന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശാഖാ സെക്രട്ടറി ബാലകൃഷ്ണൻ നമ്പൂതിരി സ്വാഗതം ആശംസിച്ചു. കേന്ദ്ര പ്രസിഡന്റ് റ്റി വി നാരായണശർമ്മ യോഗം ഉദ്ഘാടനം ചെയ്തു. ശാഖാ സെക്രട്ടറി റിപ്പോർട്ട് കണക്ക് അവതരിപ്പിച്ചു. കേന്ദ്ര സെക്രട്ടറിയുടെ സന്ദേശത്തിനുശേഷം കേന്ദ്ര ട്രഷറർ കെഎസ്ഡി ഇളയത്, കേന്ദ്ര ജോ സെക്രട്ടറി മോഹൻ കുമാർ, എറണാകുളം ജില്ലാ സെക്രട്ടറി രവികുമാർ, കോട്ടയം ജില്ല കമ്മിറ്റി അംഗം റജികുമാർ, ശാഖാ യുവ സെക്രട്ടറി ആതിരാ ശർമ്മ എന്നിവർ ആശംസകൾ അറിയിച്ചു. അന്നു പകൽ നടന്ന കലാപരിപാടിയുടെ സമ്മനദാനം കേന്ദ്ര നേതാക്കൾ നിർവഹിച്ചു. അന്നേദിവസം 60ആം പിറന്നാൾ ആഘോഷിച്ച കേന്ദ്ര സക്രെട്ടറിക്ക് ശാഖായുവജന വേദിയുടേയും ശാഖയുടേയും വക പിറന്നാൾ സമ്മാനങ്ങൾ നൽകി.




മണിമല ശാഖാ വാർഷികം




രാമപുരം ശാഖാ വാർഷികം



പാലാ ശാഖാ വാർഷികം



വൈക്കം ശാഖാ വാർഷികം



കുറവിലങ്ങാട് ശാഖാ വാർഷികം



ആണ്ടൂർ ശാഖാ വാർഷികം



കോത്തല ശാഖാ വാർഷികം



ചങ്ങനാശ്ശേരി ശാഖാ വാർഷികം



ചിരബന്ധനമാർന്ന പക്ഷിതൻ
ചിറകിൻ ശക്തി മറന്നു പോയിടാം



## ഒന്നാം പിറന്നാൾ

### ശ്രീനിക & ശ്രീനവ്

2019 ഏപ്രിൽ 13ന് ഒന്നാം പിറന്നാൾ ആഘോഷിച്ച തലയോലപ്പറമ്പ് മുല്ലക്കേരിൽ ഇല്ലത്ത് ശ്രേയസ്-സ്വപ്ന ദമ്പതികളുടെ പുത്രി ശ്രീനിക (അമ്മു) പുത്രൻ ശ്രീനവ് (അപ്പു).



## അന്നപ്രാശം

### ശ്രീറാം

കോട്ടയം കുമ്മണ്ണൂർ മുട്ടത്തുമനയിൽ സുജിത്തിന്റേയും അഞ്ജനയുടേയും പുത്രൻ ശ്രീറാമിന്റെ അന്നപ്രാശം 2019 ഫെബ്രുവരി 24-ാം തീയതി സ്വഗൃഹത്തിൽ വച്ച് നടന്നു.

BRAHMASREE BIMONTHLY REG NO. M2-20225/2003




# ശ്രീദേവി അന്തർജ്ജനം

2019 മാർച്ച് 12ന് നവതിയാഘോഷിച്ച കോൽക്കുഴിയില്ലത്ത് ശ്രീദേവി അന്തർജ്ജനം ( അമ്മിണി )
മക്കളോടും ബന്ധുമിത്രാദികളോടൊപ്പം.

Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)